# അഹ്‌ലുൽ ബൈത്ത്

ഇ.എൻ ഇബ്‌റാഹീം

നബി കുടുംബത്തെയാണ് അഹ്‌ലുൽ ബൈത്ത് എന്ന് പറയുമ്പോൾ സാധാരണ വിവക്ഷിക്കാറുള്ളത്. ഖുർആനിൽ രണ്ട് സ്ഥലത്താണ് ഈ പ്രയോഗമുള്ളത്. സൂറത്ത് *ഹൂദി*(11-ാം അധ്യായത്തിൽ)ലാണ് ഒന്ന്. ലൂത്ത് നബിയുടെ ജനതയെ നശിപ്പിക്കാൻ പോവും വഴി ഇബ്‌റാഹീം നബിയെ സന്ദർശിച്ച മലക്കുകൾ അദ്ദേഹത്തിന് മകനായി ഇസ്ഹാഖിനെയും പേരക്കുട്ടിയായി യഅ്ഖൂബിനെയും നൽകാൻ പോവുന്ന സുവിശേഷം അറിയിച്ചപ്പോൾ അതിൽ ആശ്ചര്യം പൂണ്ട ഇബ്‌റാഹീമിന്റെ ഭാര്യയോട് മലക്കുകൾ പറയുന്നുണ്ട്:

قَالُوا أَتَعْجَبِينَ مِنْ أَمْرِ اللَّهِ ۖ رَحْمَتُ اللَّهِ وَبَرَكَاتُهُ عَلَيْكُمْ أَهْلَ الْبَيْتِ ۚ إِنَّهُ حَمِيدٌ مَّجِيدٌ

(അല്ലാഹുവിന്റെ തീരുമാനത്തിൽ നിങ്ങൾ ആശ്ചര്യം കൊള്ളുന്നുവോ വീട്ടുകാരേ, -അഹ് ലുൽ ബൈത്ത്- നിങ്ങൾക്കുള്ള അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവുമാണത് -11:73).

മറ്റൊന്ന് *അഹ്സാബ്* സൂറയി(അധ്യായം 33) ലാണ്. പ്രവാചക പത്നിമാരോട്:

إِنَّمَا يُرِيدُ اللَّهُ لِيُذْهِبَ عَنكُمُ الرِّجْسَ أَهْلَ الْبَيْتِ وَيُطَهِّرَكُمْ تَطْهِيرًا ﴿٣٣﴾

(വീട്ടുകാരേ -അഹ്‌ലുൽ ബൈത്ത്- നിങ്ങളിൽനിന്ന് മ്ലേഛത ദൂരീകരിക്കാനും നിങ്ങളെ വിശുദ്ധീകരിക്കാനുമാണ് അല്ലാഹു ഉദ്ദേശിക്കുന്നത് - 33:33) എന്ന് പറയുന്നിടത്താണ്.

ഇപ്പറഞ്ഞത് നേർക്കുനേരെ പ്രവാചക പത്നിമാരോടുള്ള സംബോധനയാണ്.

മറ്റൊരു പരാമർശം ഇങ്ങനെയാണ്:

ذَٰلِكَ الَّذِي يُبَشِّرُ اللَّهُ عِبَادَهُ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ ۗ قُل لَّا أَسْأَلُكُمْ عَلَيْهِ أَجْرًا إِلَّا الْمَوَدَّةَ فِي الْقُرْبَىٰ ۗ وَمَن يَقْتَرِفْ حَسَنَةً نَّزِدْ لَهُ فِيهَا حُسْنًا ۚ إِنَّ اللَّهَ غَفُورٌ شَكُورٌ

(ഞാൻ നിങ്ങളോട് പ്രതിഫലം യാതൊന്നും ചോദിക്കുന്നില്ല, എന്നാൽ കുടുംബ ബന്ധത്തിലെ സ്നേഹം മാത്രം - *അശ്ശൂഅറാഅ്:* 23).

ഈ സൂക്തത്തിലെ കുടുംബ ബന്ധം എന്നതിന്റെ വിവക്ഷ 'അഹ്ൽ ബൈത്ത്' എന്ന പ്രയോഗം കൊണ്ട് സാധാരണ വിവക്ഷിക്കുന്നതെന്തോ അതല്ല എന്നുറപ്പ്. കാരണം അഹ്ൽ ബൈത്ത് എന്ന പ്രയോഗം മദീനയിലെ അവതരണത്തിലാണുള്ളത്. 'ദുൽ ഖുർബാ' എന്നത് മക്കാ ജീവിതത്തിലെ അവതരണത്തിലും. ഇമാം ബുഖാരി ഉദ്ധരിക്കുന്നു:

عَنْ عَبْدِ الْمَلِكِ بْنِ مَيْسَرَةَ، قَالَ سَمِعْتُ طَاوُسًا، عَنِ ابْنِ عَبَّاسٍ ـ رضى الله عنهما : أَنَّهُ سُئِلَ عَنْ قَوْلِهِ : إِلاَّ الْمَوَدَّةَ فِي الْقُرْبَى فَقَالَ سَعِيدُ بْنُ جُبَيْرٍ: قُرْبَى آلِ مُحَمَّدٍ صلى الله عليه وسلم فَقَالَ ابْنُ عَبَّاسٍ: عَجِلْتَ إِنَّ النَّبِيَّ صلى الله عليه وسلم لَمْ يَكُنْ بَطْنٌ مِنْ قُرَيْشٍ إِلاَّ كَانَ لَهُ فِيهِمْ قَرَابَةٌ فَقَالَ إِلاَّ أَنْ تَصِلُوا مَا بَيْنِي وَبَيْنَكُمْ مِنَ الْقَرَابَةِ (البخاري، كتاب المناقب باب المناقب 3497 كتاب التفسير سورة حم عسق 4818).

അബ്ദുൽ മലികുബ്നു മൈസറ പറഞ്ഞു: 'ത്വാ

വൂസ് ഇബ്നു അബ്ബാസിനെ ഉദ്ധരിക്കുന്നത് ഞാൻ കേട്ടു: എന്നാൽ കുടുംബ ബന്ധത്തിലെ സ്നേഹം എന്നത് സംബന്ധിച്ച് ഇബ്നു അബ്ബാസിനോട് ആരോ ചോദിച്ചു: തൊട്ടടുത്തുണ്ടായിരുന്ന സഈദുബ്നു ജുബൈർ പറഞ്ഞു: 'മുഹമ്മദ്(സ)യുടെ കുടുംബത്തിലെ അടുത്ത ബന്ധം.'

അപ്പോൾ ഇബ്നു അബ്ബാസ് പറഞ്ഞു: താങ്കൾ ധൃതി കൂട്ടിക്കളഞ്ഞു. ഖുറൈശികളിലെ ഏതൊരു കുടുംബത്തിനും നബി(സ)യുമായി അടുത്ത ബന്ധമുണ്ടായിരുന്നു. നബി(സ) പറഞ്ഞു: ഞാനും നിങ്ങളുമായുള്ള ബന്ധം നിങ്ങൾ പാലിക്കണം എന്ന് മാത്രം.' (ബുഖാരി. കിതാബുൽ മനാഖിബ് 3494, കിതാബുത്തഫ്സീർ ബാബു ഇല്ലൽ മവദ്ദത്ത ഫിൽ ഖുർബാ: 4818).

ബന്ധവിഛേദനം, അത് മുസ്ലിംകളല്ലാത്തവരുമായുള്ളതാണെങ്കിൽ പോലും ഇസ്ലാം അംഗീകരിക്കുന്നില്ല എന്നതുകൊണ്ടാണ് ഈ ഘട്ടത്തിൽ പോലും ചാർച്ചയെ ചേർക്കുന്നത് സംബന്ധിച്ച് ഖുർആൻ ഇവിടെ പറഞ്ഞത്.

പരസ്യ പ്രബോധനത്തിന്റെ തുടക്കത്തിൽ സ്വഫാ കുന്നിന്റെ താഴ്വാരത്ത് സ്വന്തം ഗോത്രത്തിലെ വിവിധ ശാഖകളെ വിളിച്ചുവരുത്തി അവരെ അല്ലാഹുവിന്റെ മാർഗത്തിലേക്ക് ക്ഷണിച്ചപ്പോൾ നബി(സ) അവരെ ഈ കാര്യം ഓർമിപ്പിക്കുന്നുണ്ട്. നിങ്ങൾ ഇസ്ലാം സ്വീകരിക്കുന്നതും സ്വീകരിക്കാതിരിക്കുന്നതും നിങ്ങളുടെ ഇഷ്ടം. ഞാൻ നിങ്ങളുടെ പാരമ്പര്യവുമായുള്ള ബന്ധം വിഛേദിച്ചു എന്നതോ ഇസ്ലാമുമായി രംഗപ്രവേശം ചെയ്തു എന്നതോ നിങ്ങളുമായുള്ള ബന്ധ വിഛേദത്തിനു കാരണമല്ല.

فإني لا أملك لكم من الله شيئًا، غير أن لكم رحما سأبلها ببلالها (مسلم) اسحاق بن راهويه، احمد، الأدب المفرد للبخاري، أخبار مكة للفاكهاني، ترمذي، السّنن الكبرى للنسائي، سنن النسائي، مستخرج ابن عوانه)

തുടങ്ങി നിരവധി ഹദീസ് ഗ്രന്ഥങ്ങളിൽ ഇതുദ്ധരിച്ചുവന്നിട്ടുണ്ട്. 'നിങ്ങൾക്കുവേണ്ടി അല്ലാഹുവിൽനിന്ന് യാതൊന്നും നേടിത്തരാൻ എനിക്കാവുകയില്ല. എന്നാൽ നിങ്ങളുമായുള്ള ചാർച്ച, ഞാനത് നനച്ച് പുഷ്ടിപ്പെടുത്തിക്കൊണ്ടേയിരിക്കും.' تبل الرحم ചാർച്ചയെ നനച്ച് വളർത്തൂ എന്നാണ് ഇമാം ബുഖാരിയുടെ സ്വഹീഹിലുള്ളത്.

**അഹ്ലുൽ ബൈത്ത്**

മുകളിൽ പറഞ്ഞത് മൊത്തം ചാർച്ചയുടെ കാര്യമാണെങ്കിൽ നബി കുടുംബം എന്ന ഒരു പ്രയോഗം വേറെത്തന്നെ ഹദീസ്, തഫ്സീർ, ഫിഖ്ഹ് ഗ്രന്ഥങ്ങളിൽ കാണാവുന്നതാണ്. അഹ്ലുൽ ബൈത്ത്, ആലുന്നബിയ്യ് എന്നിങ്ങനെയാണ് അത് സംബന്ധിച്ചുള്ള പ്രയോഗം. അഹ് ലുൽ ബൈത്ത് എന്നതിന് 'നിശ്ചിത വീട്ടുകാർ' എന്നാണ് ഭാഷാർഥമെങ്കിൽ 'ആലുന്നബിയ്യ്' എന്നതിന് പ്രവാചക കുടുംബം എന്നാണർഥം.

**പ്രഥമ പരിഗണന**

ഖുർആൻ സൂറ *അഹ്സാബി*ലെ 33-ാം സൂക്തത്തിലെ അഹ്ലുൽ ബൈത്ത് എന്നതിന്റെ പ്രഥമ പരിഗണന പ്രവാചക പത്നിമാരാണ്. അവരെ പരാമർശിച്ചുകൊണ്ടിരിക്കെയാണ് അത്തരമൊരു പ്രയോഗം അവിടെ നടത്തിയിട്ടുള്ളത്. ഇമാം ഇബ്നു കസീർ എഴുതുന്നു:

نها هن أولا عن الشر ثم أمرهن بالخير من إقامة الصلاة وهي عبادة الله وحده لا شريك له وإيتاء الزكاة وهي الإحسان إلى المخلوقين وأطعن الله ورسوله وهذامن باب عطف العام على الخاص وقوله تعالى: إنما يريد الله ليذهب عنكم الرجس أهل البيت ويطهركم تطهيرا وهذا نص وهذا نص فى دخول أزواج النبي صلى الله عليه وسلم فى أهل البيت هاهنا لأ نهن سبب نزول هذه الاية و سبب النزول داخل فيه قولا واحدا أما وحده على قول أومع غيره على الصحيح (ابن كثير)

ആദ്യം അവരോട് തിന്മ തടഞ്ഞു. പിന്നെ നന്മ ഉപദേശിച്ചു നമസ്കാരത്തിന്റെ നിർവഹണം ഏകനായ, പങ്കുകാരനില്ലാത്ത അല്ലാഹുവിൽ മാത്രമായുള്ള വിധേയത്വമാണത്. സകാത്തിന്റെ ദാനം സൃഷ്ടികൾക്ക് നന്മ ചെയ്യലാണത്. അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുക സവിശേഷ കാര്യത്തോട് സാമാന്യ വിഷയത്തെ ബന്ധിപ്പിക്ക(അത്ഫ് ചെയ്യ)ലാണത്. 'അല്ലയോ വീട്ടുകാരേ, നിങ്ങളിൽനിന്ന് മ്ലേഛത നീക്കാനും നിങ്ങളെ പൂർണമായും വിശുദ്ധീകരിക്കാനുമാണ് അല്ലാഹു ഉദ്ദേശിക്കുന്നത്' എന്നുള്ള അല്ലാഹുവിന്റെ പ്രസ്താവം; ഇവിടെ 'അഹ്ലുൽ ബൈത്ത്' എന്ന പ്രയോഗത്തിൽ പ്രവാചക പത്നിമാർ ഉൾപ്പെടുമെന്നതിന്റെ സുവ്യക്ത പ്രസ്താവമാണ്. ഈ സൂക്തത്തിന്റെ അവതരണ കാരണം അവരാണ് എന്നതുതന്നെ കാരണം. അവതരണ കാരണം അതിലുൾപ്പെടുമെന്നത് ഒറ്റ പ്രസ്താവമാണ്. ഒരു അഭിപ്രായപ്രകാരം അത് മാത്രമാവും അതിലുൾപ്പെടുന്നത്. മറ്റുള്ളവരോടൊപ്പം എന്നതാണ് ശരിയായ അഭിപ്രായം.' (തഫ്സീറുബ്നു കസീർ).

عن ابن عباس قال: نزلت فى نساء النبى صلى الله عليه وسلم خاصة. وقال عكرمة: من شاء باهلته انها نزلت فى نساء النبي صلى الله عليه وسلم (ابن كثير)

'പ്രവാചക പത്നിമാരുമായി ബന്ധപ്പെടുത്തി മാത്രമാണ് അത് അവതരിച്ചിരിക്കുന്നത്. പ്രവാചക പത്നിമാരുടെ കാര്യത്തിലാണ് അത് അവതരിച്ചതെന്നത് സംബന്ധിച്ച് മുബാഹലക്ക് പോലും താൻ തയാറാണെന്ന് ഇക്രിമ പറഞ്ഞു' (ഇബ്നു കസീർ)

يعنى نساء النبي صلى الله عليه وسلم لأ نهن فى بيته (تفسير مقاتل بن سليمان

മുഖാതിലുബ്നു സുലൈമാൻ പറയുന്നു: പ്രവാചക പത്നിമാരാണ് അത് കൊണ്ടുള്ള വിവക്ഷ. കാരണം അവർ പ്രവാചകന്റെ വീട്ടിലാണുണ്ടായിരുന്നത് (തഫ്സീറു മുഖാതിലുബ്നു സുലൈമാൻ).

ഏതൊരു സൂക്തവും അത് അവതരിച്ച പശ്ചാത്തലവുമായോ സംഭവവും വ്യക്തികളുമായോ മാത്രം ബന്ധപ്പെട്ടതാണെന്ന് ആർക്കും വാദമില്ല. ഈ സൂക്തത്തിന്റെ കാര്യവും മറ്റൊന്നല്ല. അതിനാൽ ഈ സൂക്തവും വിശാലാർഥത്തിൽ വേണം കാണാൻ. അതുകൊണ്ടത്രെ

ഇബ്നു കസീർ ഇപ്രകാരം എഴുതിയത്:

فإن كان المراد أنهن كن سبب النزول دون غيرهن فصحيح وان أريد أنهن المراد فقط دون غير هن ففى هذا نظر فانه قدوردت أحاديث تدلّ على أن المراد أتمّ من ذلك (ابن كثير)

സൂക്തത്തിന്റെ അവതരണകാരണം അവർ മാത്രമായിരുന്നു, മറ്റാരുമായിരുന്നില്ല എന്നതാണ് ഉദ്ദേശ്യമെങ്കിൽ അത് ശരിയാണ്. അവർ മാത്രമാണ് വിവക്ഷ മറ്റാരും അതിൽ വിവക്ഷിതരല്ല എന്നാണ് ഉദ്ദേശ്യമെങ്കിൽ അത് സംബന്ധിച്ച് ചിന്തിക്കേണ്ടതുണ്ട്. ഉദ്ദേശ്യം അതിനേക്കാൾ വിശാലമാണെന്ന് കാണിക്കുന്ന ധാരാളം ഹദീസുകൾ ഉദ്ധരിച്ചു വന്നിട്ടുണ്ട് (ഇബ്നു കസീർ സൂറ *അഹ് സാബ്* 33-ാം സൂക്തത്തിന്റെ തഫ്സീർ).

അഹ്‌ലുൽ ബൈത്തിൽ പ്രവാചക പത്നിമാർ മാത്രമല്ല, നബിയുടെ മറ്റു കുടുംബങ്ങളും ഉൾപ്പെടുമെന്നാണ് ഇബ്നു കസീർ പറഞ്ഞതിന്റെ സാരം.

**ആരെല്ലാം?**

ഇമാം ഇബ്നു ഹജർ *ഫത്ഹുൽ ബാരി*യിൽ പറയുന്നു: 'ഖറാബത്തുന്നബി (പ്രവാചക കുടുംബം) എന്നതിന്റെ വിവക്ഷ ഏറ്റവുമടുത്ത പിതാമഹനായ അബ്ദുൽ മുത്ത്വലിബിലേക്ക് ചേർത്തു പറയുന്നവരാണ് അവരിൽ തന്നെ സ്ത്രീകളും പുരുഷന്മാരുമായി നബി(സ)യുടെ സ്വഹാബിയാവുകയോ നബി(സ)യെ കാണുകയോ ചെയ്തവരാണ്. അലിയും അദ്ദേഹത്തിന്റെ ഫാത്വിമയിൽനിന്നുള്ള മക്കളായ ഹസൻ, ഹുസൈൻ, മുഹ്സിൻ, ഉമ്മുകുൽസൂം എന്നിവരും ജഅ്ഫറും അദ്ദേഹത്തിന്റെ മക്കളായ അബ്ദുല്ല, ഔസ്, മുഹമ്മദ് എന്നിവരും- അദ്ദേഹത്തിന് അഹ്മദ് എന്ന ഒരു മകൻ കൂടിയുണ്ടായിരുന്നു എന്ന് പറയുന്നുണ്ട്- അബൂത്വാലിബിന്റെ മറ്റൊരു മകനായ അഖീലും അദ്ദേഹത്തിന്റെ മകൻ മുസ്‌ലിമും അബ്ദുൽ മുത്ത്വലിബിന്റെ മകൻ ഹംസയും മക്കൾ യഅ്‌ലാ, അമ്മാറ, ഉമാറ എന്നിവരും അബ്ബാസുബ്നു അബ്ദിൽ മുത്ത്വലിബും അദ്ദേഹത്തിന്റെ പത്ത് മക്കളും ഫദ്ൽ, അബ്ദുല്ല, ഖുഥം, ഉബൈദുല്ല, ഹാരിസ്, മഅ്ബദ്, അബ്ദുർറഹ്മാൻ, കസീർ, ഔൻ, തമാം എന്നിവരുമാണ് അവർ.... അബ്ബാസിന്റെ തന്നെ ഉമ്മുഹബീബ്, ആമിന, സ്വഫിയ്യ എന്നീ പെൺമക്കളും. അബൂലഹബിന്റെ മകൻ മുത്ഇബ്, അബൂലഹബിന്റെ മറ്റൊരു മകനായ ഉത്ബയുടെ മകൻ അബ്ബാസും സുബൈറുബ്നു അബ്ദിൽ മുത്ത്വലിബിന്റെ മകൻ അബ്ദുല്ലയും അദ്ദേഹത്തിന്റെ സഹോദരി ദുബാഅയും ഹാരിസുബ്നു അബ്ദിൽ മുത്ത്വലിബിന്റെ മകൻ അബൂസുഫ്‌യാനും അദ്ദേഹത്തിന്റെ മകൻ ജഅ്ഫറും ഹാരിസിന്റെ തന്നെ മകൻ നൗഫലും അദ്ദേഹത്തിന്റെ മക്കൾ മുഗീറയും ഹാരിസും അബ്ദുൽ മുത്ത്വലിബിന്റെ മക്കളായ ഉമൈമ, അർവാ, ആതിഖ, സ്വഫിയ്യ എന്നിവരുമാണ് അവർ.' (*ഫത്ഹുൽ ബാരി* 7/100).

(കാതിബു ഫദാഇലു അസ്ഹാബിന്നബിയ്യി എന്ന അധ്യായത്തിൽ മനാഖിബു ഖറാബതി റസൂലില്ലാ എന്ന ഉപശീർഷകം കാണുക).

وقوله قرابة النبي صلى الله عليه وسلم يريد بذلك من ينسب الى جده الأقرب وهو عبد المطلب ممن صحب النبي صلى الله عليه وسلم منهم او من رآه من ذكر وأنثى وهم على وأولاده الحسن والحسين ومحسن وام كلثوم من فاطمة عليها السلام و جعفر واولاده عبد الله وعون ومحمد ويقال إنه كان لجعفر بن ابن طالب ابن اسمه احمد و عقيل بن طالب وولده مسلم بن عقيل وحمزة بن عبد المطلب واولاده يعلى وعمارة وأمامة. والعباس بن عبد المطلب وأولاده الذكور عشرة وهم الفضل. وعبد الله وقثم، وعبيد الله والحارث ومعبد وعبد الرحمن وكثير وعون وتمام ..... وكان له من الإناث ام حبيب وآمنة وصفية واكثرهم من لبابة أم الفضل ومتعب بن أبي لهب والعباس بن عتبة بن ابى لهب وكان زوج آمنة بنت العباس عبد الله بن الزبير بن عبد المطلب وأخته ضباعة ونوفل بن الحارث بن عبد المطلب وابناه المغيرة والحارث ..... و أميمة وأروى وعاتكة وصفية بنات عبد المطلب (فتح البارى 100/7 كتاب فضل اصحاب النبي صعلم باب مناقب قرابة رسول الله)

'ഫത്ഹുൽ ബാരി'യിലെ വിവരണമനുസരിച്ച് അലിയുടെ ഫാത്വിമയിൽനിന്നുള്ള മക്കൾ മാത്രമാവും പ്രവാചക കുടുംബത്തിലുൾപ്പെടുന്നത്. എന്നാൽ അദ്ദേഹത്തിന്റെ മറ്റു ഭാര്യമാരിലുള്ള മക്കളും അതിലുൾപ്പെടും എന്ന് വേണം മനസ്സിലാക്കാൻ.

പ്രവാചക കുടുംബത്തോടുള്ള സ്നേഹം സ്വഹാബിമാർ പൊതുവിൽ മനസ്സിൽ പ്രാധാന്യപൂർവം കൊണ്ടുനടന്ന ഒരു കാര്യമാണെന്നു കാണാം. അതിന്റെ തെളിവാണ് ഒന്നാം ഖലീഫ, അബൂബക്റിന്റെ ഈ വാചകം:

ارقبوا محمدا فى اهل بيته (البخاري 3713)

(മുഹമ്മദിനെ അദ്ദേഹത്തിന്റെ കുടുംബത്തിൽ നിരീക്ഷിക്കുക).

നബി(സ)യുടെ കുടുംബത്തിന് സ്നേഹവും പരിഗണനയും നൽകിക്കൊണ്ടുവേണം അദ്ദേഹത്തെ പരിഗണിക്കാൻ എന്ന് സാരം. ഈ ഒരു പരിഗണന ഉമറുബ്നുൽ ഖത്ത്വാബും നബി കുടുംബത്തിന് നൽകിയിരുന്നു. അതുകൊണ്ടാണ് ഹിജ്റയുടെ പതിനെട്ടാമാണ്ടിൽ -ആമുർറമാദ എന്ന പേരിലാണ് ആ വർഷം അറിയപ്പെടുന്നത്- ഉമർ നബി(സ)യുടെ പിതൃവ്യനായ അബ്ബാസിനോട് മഴക്കുവേണ്ടി പ്രാർഥിക്കാനാവശ്യപ്പെട്ടത്. ഇമാം ബുഖാരി ഉദ്ധരിക്കുന്നു:

عن انس أن عُمَرَ بْنَ الْخَطَّابِ ـ رضى الله عنه ـ كَانَ إِذَا قَحَطُوا اسْتَسْقَى بِالْعَبَّاسِ بْنِ عَبْدِ الْمُطَّلِبِ فَقَالَ اللَّهُمَّ إِنَّا كُنَّا نَتَوَسَّلُ إِلَيْكَ بِنَبِيِّنَا فَتَسْقِينَا وَإِنَّا نَتَوَسَّلُ إِلَيْكَ بِعَمِّ نَبِيِّنَا فَاسْقِنَا. قَالَ فَيُسْقَوْنَ (البخارى كتابالاستسقاء باب سؤال الناس الامام 1010).

(അനസിൽനിന്ന്: ക്ഷാമം ബാധിച്ചാൽ ഉമറുബ്നുൽ ഖത്ത്വാബ് അബ്ബാസുബ്നു അബ്ദിൽ മുത്ത്വലിബിനോട് മഴക്കുവേണ്ടി പ്രാർഥിക്കാൻ ആവശ്യപ്പെടുമായിരുന്നു. അതായത് അദ്ദേഹം പറഞ്ഞു: അല്ലാഹുവേ, ഞങ്ങൾ നിന്റെ

പ്രവാചകനെ മുന്നിൽ നിറുത്തി നിന്നോട് പ്രാർഥിക്കുമായിരുന്നു. അപ്പോൾ നീ ഞങ്ങൾക്ക് മഴ നൽകാറുമുണ്ട്. ഇതാ, ഞങ്ങൾ ഞങ്ങളുടെ പ്രവാചകന്റെ പിതൃവ്യനെ മുന്നിൽ നിറുത്തി നിന്നോട് പ്രാർഥിക്കുന്നു. അതിനാൽ ഞങ്ങൾക്ക് മഴ നൽകേണമേ! അനസ് പറഞ്ഞു: അങ്ങനെ അവർക്ക് മഴ ലഭിക്കുകയും ചെയ്തു)

ഈ ഹദീസിന്റെ വിവരണത്തിൽ ഇമാം ഇബ്നു ഹജറുൽ അസ്ഖലാനി എഴുതുന്നു:

فخطب الناس عمر فقال: إن رسول الله صلى الله عليه وسلم كان يرى للعباس ما يري الولد للوالد فاقتدوا أيها الناس برسول الله صلى الله عليه وسلم في عمه العباس واتخذوه وسيلة إلى الله (فتح الباري 641/2)

(ഉമർ ജനങ്ങളോട് പ്രസംഗിച്ചു. അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ ദൂതർ അബ്ബാസിന് മകൻ പിതാവിന് കൽപിക്കുന്ന സ്ഥാനം കൽപിക്കുമായിരുന്നു. അതിനാൽ ജനങ്ങളേ അല്ലാഹുവിന്റെ ദൂതർ അവിടത്തെ പിതൃവ്യന്റെ കാര്യത്തിൽ കൈക്കൊണ്ട നിലപാട് പിന്തുടരുവിൻ. അദ്ദേഹത്തെ അല്ലാഹുവിലേക്കു ഒരു മാർഗമാക്കുവിൻ).

മദീനയിൽനിന്നും ഫദകിൽനിന്നും ലഭിച്ചിരുന്ന സ്വദഖയും ഖൈബറിലെ യുദ്ധത്തിലെ അഞ്ചിലൊന്നിൽ ശേഷിച്ചതും ആവശ്യപ്പെട്ടുകൊണ്ട് ഫാത്വിമ അബൂബക്റിന്റെ അരികിലേക്ക് ചൊല്ലിയയച്ചപ്പോൾ അബൂബക്ർ (റ) അപ്രകാരം പറയുന്നുണ്ട്:

والذي نفس بيده القرابة رسول الله صلى الله عليه وسلم أحب إلي أن أصل من قرابتي (البخاري، كتاب فضائل الصحابة باب مناقب قرابة رسول الله صلى الله عليه وسلم 3712)

(എന്റെ ആത്മാവ് ആരുടെ കൈയിലാണോ ആ അല്ലാഹുവിൽ സത്യം, അല്ലാഹുവിന്റെ ദൂതരുടെ കുടുംബബന്ധമാണ് എന്റെ കുടുംബ ബന്ധത്തേക്കാൾ ചേർക്കാൻ എനിക്കേറെ ഇഷ്ടം).

**ആലുന്നബിയും അഹ്ലുബൈത്തും**

ആലും അഹ്ലും (ആൽ, അഹ്ൽ) തമ്മിൽ ഭാഷാ പ്രയോഗത്തിൽ ഒരൽപം വ്യത്യാസമുണ്ട്. 'ആൽ' എന്നത് 'അഹ്ലി'ലെ 'ഹാഅ്' എന്ന അക്ഷരത്തെ 'ഹംസ' എന്ന അക്ഷരമാക്കി മാറ്റിയതാണ്. അതിനാൽ തന്നെ ആലിനെ 'കുഞ്ഞ്' എന്ന ആശയം വരുന്ന രൂപത്തിലേക്ക് (തസ്ഗീർ) മാറ്റുമ്പോൾ ഉഹൈൽ (കുഞ്ഞുകുടുംബം) എന്നാവും അതിന്റെ രൂപം. അതായത്, ആലിനെ അതിന്റെ അസ്ലിലേക്ക് മാറ്റുന്നു. മടങ്ങി എന്നർഥം വരുന്ന 'ആല'യുടെ ക്രിയാധാതു(മസ്ദർ)വായ ഔൽ എന്നാണ് അതിന്റെ അസ്ൽ (മൂലം) എന്നും ഒരഭിപ്രായമുണ്ട്. ഒരു നിശ്ചിത വ്യക്തിയിലേക്ക് ചേർത്തു പറയുമ്പോഴാണ് 'ആൽ' എന്ന് പ്രയോഗിക്കാറുള്ളത്. അതും പ്രധാനികളോട് ചേർത്ത്. 'ആലുൽ അമീർ' എന്നോ 'ആലുൽ ഖാദീ' എന്നോ ഒക്കെ പറയാം. 'ആലുൽ ഹജ്ജാം' എന്ന് പറയുകയില്ല. അഹ്ൽ എന്നതിന് ഇങ്ങനെ ഒരു പരിമിതിയില്ല. മനുഷ്യരുമായി ചേർത്തു മാത്രമേ 'ആൽ' പ്രയോഗിക്കൂ. സർവനാമത്തിലേക്ക് ചേർത്തും അത് പ്രയോഗിക്കുകയില്ലെന്നാണ് ഭൂരിപക്ഷം ഭാഷാ പണ്ഡിതന്മാരും പറയുന്നത്. എന്നാൽ അതിന് വിരുദ്ധമായും അഭിപ്രായമുണ്ട്. അബ്റഹത്തിലെ കഅ്ബാ ധ്വംസന ശ്രമവുമായി ബന്ധപ്പെട്ട് അബ്ദുൽ മുത്ത്വലിബ് പാടിയതായി ഇപ്രകാരം ഉദ്ധരിച്ചു വന്നിട്ടുണ്ട്.

وانصر على آل الصليب ب وعابديه اليوم آلك

(കുരിശിന്റെ ആളുകൾക്കും അതിന്റെ ആരാധകർക്കുമെതിരിൽ നിന്റെ ആളുകളെ സഹായിക്കുക).

'ആൽ' എന്ന പ്രയോഗത്തിൽ നിർദിഷ്ട വ്യക്തിയും അദ്ദേഹവുമായി ബന്ധപ്പെട്ട ആളുകളും ഉൾപ്പെടും. സ്വദഖയുമായി ബന്ധപ്പെട്ട ഒരു സംഭവത്തിൽ നബി(സ)യുടെ പേരക്കുട്ടികളായ ഹസൻ-ഹുസൈൻമാരിലൊരാൾ സകാത്തിന്റെ ഇനത്തിൽപെട്ട ഒരു കാരക്കയെടുത്ത് വായിലിട്ടപ്പോൾ അവിടുന്ന് ആ കുട്ടിയോട് ഇപ്രകാരം പറയുന്നുണ്ട്:

أما علمت أن آل محمد صلى الله عليه وسلم لا يأكلون الصدقة (البخارى كتاب الزكاة 1485)

(മുഹമ്മദിന്റെ കുടുംബം(ആൽ) സ്വദഖ തിന്നുകയില്ലെന്ന് നീ അറിഞ്ഞിട്ടില്ലേ!)

ഇവിടെ മുഹമ്മദിന്റെ കുടുംബം എന്ന് പറഞ്ഞതിൽ നബി(സ)യും ഉൾപ്പെടും. 'ആൽ' എന്ന പ്രയോഗത്തിൽ നബി(സ)യുടെ സമുദായം മുഴുവൻ ഉൾപ്പെടുമെന്ന് പറയുന്നവരും പണ്ഡിതന്മാരിലുണ്ട്. നബി(സ)യോട് ചേർത്ത് 'ആൽ' എന്ന പദം ഉപയോഗിച്ചിടത്തെല്ലാം സമുദായം മൊത്തം ഉദ്ദേശ്യമാണെന്ന് പറയുന്നത് ഒട്ടും സംഗതമല്ല. 'മുഹമ്മദിന്റെ കുടുംബം സ്വദഖ തിന്നുകയില്ല' എന്ന് തൊട്ടു മുകളിൽ ഉദ്ധരിച്ച ഹദീസ് ഉദാഹരണം.

'ആൾ' എന്നോ 'അർഹൻ' എന്നോ അർഥം പറയാവുന്ന പദമാണ് അഹ്ൽ എന്നത്. أهل له എന്നതിന് 'അതിന് യോഗ്യൻ' എന്നാണർഥം. أهل الدنيا -ദുൻയാവിന്റെ ആൾ, أهل الآخرة -ആഖിറത്തിന്റെ ആൾ എന്നൊക്കെ പറയും പോലെ آل الدنيا എന്നോ آل الآخرة എന്നോ പറയുകയില്ല. أهل البيت (വീട്ടുകാർ) എന്നല്ലാതെ آل البيت (വീട്ടുകുടുംബം) എന്നു പറയില്ല.

أهل البيت എന്ന് പൊതുവിൽ പറഞ്ഞാൽ നബി(സ)യുടെ കുടുംബത്തെയാണ് ഉദ്ദേശിക്കുന്നത്. അപ്പോൾ ആരൊക്കെ അതിലുൾപ്പെടും എന്ന് പരിശോധിക്കേണ്ടതുണ്ട്.

ഏതൊരു പ്രവാചകനും ഏതൊരു സമൂഹത്തിലാണോ നിയുക്തനായിരിക്കുന്നത് അദ്ദേഹം ആ സമൂഹത്തിന്റെ ആത്മീയ പിതാവാണ്. അതുകൊണ്ടാണ് ലൂത് നബി(അ) തന്റെ സമൂഹത്തോട് ഇപ്രകാരം പറഞ്ഞത്: قَالَ يَا قَوْمِ هَٰؤُلَاءِ بَنَاتِي هُنَّ أَطْهَرُ لَكُمْ (അദ്ദേഹം പറഞ്ഞു: ജനങ്ങളേ, എന്റെ ഈ പെൺമക്കൾ, അവരാണ് നിങ്ങൾക്ക് അനുയോജ്യർ 11:78).

ഇത് പറയുമ്പോൾ അദ്ദേഹം ഉദ്ദേശിച്ചത് നാട്ടിലെ പെൺകുട്ടികളെയാണ്. കാമപൂരണത്തിന് ആൺകുട്ടികളുടെ പിന്നാലെ പോവുകയല്ല വേണ്ടത്, അതിനാണ് അല്ലാഹു നിങ്ങൾക്ക് ഇണകളായി സ്ത്രീകളെ നൽകിയിരിക്കുന്നത്. അവരെ വിവാഹം ചെയ്യുക. അതാണ് നിങ്ങൾ ചെയ്യേണ്ടത്. ലൂത്വ് (അ) പറഞ്ഞതിന്റെ ആശയം ആ ജനതക്കറിയാമായിരുന്നു. അതുകൊണ്ടാണ് അവർ

ഇപ്രകാരം പ്രതികരിച്ചത്:

قَالُوا لَقَدْ عَلِمْتَ مَا لَنَا فِي بَنَاتِكَ مِنْ حَقٍّ وَإِنَّكَ لَتَعْلَمُ مَا نُرِيدُ

(അവർ പറഞ്ഞു: ഞങ്ങൾക്ക് നിന്റെ പെൺകുട്ടികളിൽ തെല്ലും താൽപര്യമില്ല. ഞങ്ങൾ എന്തു ഉദ്ദേശിക്കുന്നു എന്ന് നിനക്കറിയുകയും ചെയ്യാം 11:79).

ഇബ്റാഹീം നബി(അ) യെക്കുറിച്ച് ഇപ്രകാരം പറയുന്നുണ്ട്: مِّلَّةَ أَبِيكُمْ إِبْرَاهِيمَ (നിങ്ങളുടെ പിതാവ് ഇബ്റാഹീമിന്റെ മാർഗം 22:78).

മുഹമ്മദ് നബി(സ)യെക്കുറിച്ച് മറ്റൊരു രീതിയിലാണ് ഖുർആൻ ഇത് പറയുന്നത്:

مَّا كَانَ مُحَمَّدٌ أَبَا أَحَدٍ مِّن رِّجَالِكُمْ وَلَٰكِن رَّسُولَ اللَّهِ وَخَاتَمَ النَّبِيِّينَ ۗ وَكَانَ اللَّهُ بِكُلِّ شَيْءٍ عَلِيمًا

(മുഹമ്മദ് നിങ്ങളിൽ ഒരു പുരുഷന്റെയും പിതാവായിട്ടില്ല. എന്നാൽ അദ്ദേഹം അല്ലാഹുവിന്റെ ദൂതരും പ്രവാചകന്മാരിൽ അവസാനത്തെ ആളുമാണ്. അല്ലാഹു എല്ലാം അറിയുന്നവനത്രെ 33:40).

മുഹമ്മദ് നിങ്ങളിൽ ഒരു പുരുഷന്റെയും ഔരസ പിതാവല്ല, എന്നാൽ അദ്ദേഹം അവരുടെ ആത്മീയ പിതാവാണ്. അതാണ് അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകന്മാരിൽ അവസാനത്തെ ആളുമാണ് എന്ന് പറഞ്ഞതിന്റെ താൽപര്യം.

മറ്റൊരിടത്ത് ഖുർആൻ പറഞ്ഞു:

النَّبِيُّ أَوْلَىٰ بِالْمُؤْمِنِينَ مِنْ أَنفُسِهِمْ ۖ وَأَزْوَاجُهُ أُمَّهَاتُهُمْ ۗ

(പ്രവാചകൻ വിശ്വാസികളുമായി തങ്ങളേക്കാൾ ബന്ധപ്പെട്ടവനാണ്. അദ്ദേഹത്തിന്റെ ഭാര്യമാർ അവരുടെ മാതാക്കളുമാണ് - 33:6).

ഇമാം ബുഖാരി ഉദ്ധരിക്കുന്നു:

عَنْ أَبِي هُرَيْرَةَ - رضى الله عنه - عَنِ النَّبِيِّ صلى الله عليه وسلم قَالَ: مَا مِنْ مُؤْمِنٍ إِلاَّ وَأَنَا أَوْلَى النَّاسِ بِهِ فِي الدُّنْيَا وَالآخِرَةِ، اقْرَءُوا إِنْ شِئْتُمُ النَّبِيُّ أَوْلَى بِالْمُؤْمِنِينَ مِنْ أَنْفُسِهِمْ فَأَيُّمَا مُؤْمِنٍ تَرَكَ مَالاً فَلْيَرِثْهُ عَصَبَتُهُ مَنْ كَانُوا، فَإِنْ تَرَكَ دَيْنًا أَوْ ضَيَاعًا فَلْيَأْتِنِي وَأَنَا مَوْلاَهُ (البخارى كتاب الكفات باب الدين 6763،6745،6731،5371 ،4781،2399،2298)

(അബൂഹുറൈറയിൽനിന്ന്: അദ്ദേഹം നബി(സ)യെ ഉദ്ധരിക്കുന്നു: അവിടുന്ന് പറഞ്ഞു: ഏതൊരു വിശ്വാസിയും ഇഹത്തിലും പരത്തിലും മനുഷ്യരിലും വെച്ച് ഞാനാണ് അയാളുമായി ഏറ്റവും കൂടുതൽ ബന്ധപ്പെട്ടവൻ. വേണമെങ്കിൽ പ്രവാചകനാണ് വിശ്വാസികളോട് തങ്ങളേക്കാൾ ബന്ധപ്പെട്ടിരിക്കുന്നവൻ എന്ന ഖുർആൻ വചനം പാരായണം ചെയ്തുനോക്കുക. അതിനാൽ വല്ല വിശ്വാസിയും സമ്പത്ത് വിട്ടേച്ചുപോയിട്ടുണ്ടെങ്കിൽ അയാളുടെ അനന്തിരവന്മാർ അത് അനന്തിരമെടുത്തുകൊള്ളട്ടെ. അയാൾ വല്ല കടമോ ബാധ്യതയോ ബാക്കിവെച്ചിട്ടുണ്ടെങ്കിൽ എന്നെ സമീപിച്ചുകൊള്ളട്ടെ, ഞാൻ അയാളുടെ ഉത്തരവാദിയാണ്).

നബി(സ)യാണ് വിശ്വാസികളുമായി ഏറ്റവും അടുത്ത് ബന്ധപ്പെട്ട ആൾ എന്ന് പറഞ്ഞതിന്റെ താൽപര്യം, നബി(സ)യെ സൃഷ്ടികളിൽ ആരേക്കാളും സ്നേഹിക്കുകയും നബി(സ)യുടെ കൽപനകൾ അക്ഷരംപ്രതി പാലിക്കാൻ തയാറാവുകയും അവിടത്തെ ചര്യ പിൻപറ്റുകയും ഏതു രംഗത്തും അവിടത്തേക്ക് പിൻബലമായി വർത്തിക്കുകയും ചെയ്യുക എന്നാണ്. അതുകൊണ്ടാണ് ഹദീസിൽ ഇപ്രകാരം ഉദ്ധരിച്ചുവന്നത്:

عن أَبِي هُرَيْرَةَ رضي الله عنه عن النبي صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: وَالَّذِي نَفْسِي بِيَدِهِ لَا يُؤْمِنُ أَحَدُكُمْ حَتَّى أَكُونَ أَحَبَّ إِلَيْهِ مِنْ وَالِدِهِ وَوَلَدِهِ وفى رواية والناس اجمعين (البخارى كتاب يمان باب حب رسول الله صلعم 15،14)

(അബൂഹുറയ്റ(റ)യിൽനിന്ന്: അദ്ദേഹം നബി(സ)യെ ഉദ്ധരിക്കുന്നു; അവിടുന്ന് പറഞ്ഞു: എന്റെ ആത്മാവ് ആരുടെ കൈയിലാണോ അവനിൽ സത്യം, സ്വന്തം മാതാപിതാക്കൾ, സന്താനങ്ങൾ (ഒരു പാഠത്തിൽ മൊത്തം മനുഷ്യർ എന്നുമുണ്ട്) ഇവരേക്കാളെല്ലാം ഞാൻ ഇഷ്ടപ്പെട്ടവനാവുംവരെ നിങ്ങളിൽ ആരും വിശ്വാസിയാവുകയില്ല).

ഉമറുമായി ബന്ധപ്പെട്ട് ഇമാം ബുഖാരി ഇപ്രകാരം ഉദ്ധരിക്കുന്നുണ്ട്:

عن عَبْدَ اللَّهِ بْنَ هِشَامٍ، قَالَ كُنَّا مَعَ النَّبِيِّ صلى الله عليه وسلم وَهْوَ آخِذٌ بِيَدِ عُمَرَ بْنِ الْخَطَّابِ فَقَالَ لَهُ عُمَرُ: يَا رَسُولَ اللَّهِ لأَنْتَ أَحَبُّ إِلَيَّ مِنْ كُلِّ شَيْءٍ إِلاَّ مِنْ نَفْسِي. فَقَالَ النَّبِيُّ صلى الله عليه وسلم لاَ وَالَّذِي نَفْسِي بِيَدِهِ حَتَّى أَكُونَ أَحَبَّ إِلَيْكَ مِنْ نَفْسِكَ. فَقَالَ لَهُ عُمَرُ فَإِنَّهُ الآنَ وَاللَّهِ لأَنْتَ أَحَبُّ إِلَيَّ مِنْ نَفْسِي. فَقَالَ النَّبِيُّ صلى الله عليه وسلم: الآنَ يَا عُمَرُ (البخارى 3694، 6264 كتاب الايمان والنذور باب كانت يمين النبي صلى الله عليه وسلم 6632).

(അബ്ദുല്ലാഹിബ്നു ഹിശാമിൽനിന്ന്; അദ്ദേഹം പറഞ്ഞു: ഞങ്ങൾ നബി(സ)യോടൊപ്പമാണ്. അവിടുന്ന് ഉമറുബ്നുൽ ഖത്ത്വാബിന്റെ കൈ പിടിച്ചിട്ടുണ്ട്. ഉമർ നബി(സ)യോട് പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, ഞാനൊഴികെ മറ്റെല്ലാവരേക്കാളും എനിക്ക് ഇഷ്ടപ്പെട്ടവൻ അങ്ങാണ്. അപ്പോൾ നബി(സ) അദ്ദേഹത്തോട് പറഞ്ഞു: ഇല്ല, എന്റെ ആത്മാവ് ആരുടെ കൈയിലാണോ അവനിൽ സത്യം, താങ്കളേക്കാൾ ഞാൻ താങ്കൾക്ക് ഇഷ്ടപ്പെട്ടവനായല്ലാതെ. അപ്പോൾ ഉമർ നബി(സ)യോട് പറഞ്ഞു: എങ്കിൽ ഇപ്പോൾ താങ്കളാണ് എന്നേക്കാൾ എനിക്ക് ഏറെ ഇഷ്ടം. അപ്പോൾ നബി(സ) പറഞ്ഞു: ഇപ്പോഴാണ് ഉമർ. എന്നാൽ ഉപര്യുക്ത ഖുർആൻ വചനത്തിന്റെ അടിസ്ഥാനത്തിൽ നബി(സ)യെ അബുൽ മുഅ്മിനീൻ -വിശ്വാസികളുടെ പിതാവ്- എന്ന് പറയാമോ? ഇത് സംബന്ധിച്ച് ഇബ്നു കസീർ എഴുതുന്നു:

وقد روى عن ابي بن كعب وابن عباس أنهما قرآ : النبى اولى با المؤمنين من انفسهم وازواته امهاتهم وهواب لهم وروى هذا عن معاوية ومجاهد وعكرمة والحسن وهو احد الوجهين فى مذهب الشافعى (تفسير ابن كثير سورة تفسير الاية 6 الطبرى الى وهواب لهم

(ഉബയ്യുബ്നു കഅ്ബ്, ഇബ്നു അബ്ബാസ് എന്നിവരിൽനിന്ന് ഉദ്ധരിച്ചു വന്നിട്ടുണ്ട്. അവർ രണ്ടു പേരും പാരായണം ചെയ്തു. പ്രവാചകനാണ് വിശ്വാസികളുമായി തങ്ങളേക്കാൾ കൂടുതൽ ബന്ധപ്പെട്ടയാൾ. അദ്ദേഹം അവരുടെ പിതാവാണ്. മുആവിയ, മുജാഹിദ്, ഇക്രിമ, ഹസൻ എന്നിവരിൽനിന്നും ഇത് ഉദ്ധരിച്ചുവന്നിട്ടുണ്ട്. ശാഫിഈ മദ്ഹബിലെ രണ്ട് അഭിപ്രായങ്ങളിൽ ഒന്ന് ഇതാണ് (ഇബ്നു കസീർ, അദ്ദേഹം അവരുടെ പിതാവാണ് എന്ന ഭാഗം വരെയുള്ളത് ത്വബ്രിയും ഉദ്ധരിച്ചിട്ടുണ്ട്).

അവിടുത്തെ പത്നിമാർ വിശ്വാസികളുടെ മാതാക്കളാണ് എന്നതിന്റെ താൽപര്യം സംബന്ധിച്ച് ഇമാം ത്വബ്രി എഴുതുന്നു:

وحرمة أزواجه حرمة أمهاتهم عليهم فى انهن يحرم عليهن نكاحهن من بعد وفاته كما يحرم عليهم نكاح أمهاتهم (طبرى)

അവരെ സംബന്ധിച്ചേടത്തോളം അവരുടെ മാതാക്കളുടെ പവിത്രത തന്നെയാണ് പ്രവാചക ഭാര്യമാരുടെ പവിത്രതയും. സ്വന്തം മാതാക്കളെ വിവാഹം ചെയ്യാവതല്ല എന്നതു പോലെ തന്നെ പ്രവാചകന്റെ വിയോഗാനന്തരം അവിടുത്തെ ഭാര്യമാരെയും വിവാഹം ചെയ്യൽ അവർക്ക് നിഷിദ്ധമാണ്).

ഖുർആൻ പറഞ്ഞു:

وَلَا أَن تَنكِحُوا أَزْوَاجَهُ مِن بَعْدِهِ أَبَدًا (الأحزاب : 53)

(അദ്ദേഹത്തിനു ശേഷം ഒരിക്കലും അദ്ദേഹത്തെ ഭാര്യമാരെ നിങ്ങൾ വിവാഹം ചെയ്യാവതുമല്ല).

ഇമാം ത്വബ്രി എഴുതുന്നു:

يقول: وما ينبغى لكم أن تنكحوا أزواجه من بعده ابدا لأنهن أمهاتكم ولا تحل للرجل أن يتزوج أمه (الطبرى)

(അല്ലാഹു പറയുന്നു: അദ്ദേഹത്തിനു ശേഷം ഒരിക്കലും അദ്ദേഹത്തിന്റെ ഭാര്യമാരെ നിങ്ങൾ വിവാഹം ചെയ്യാവതല്ല. കാരണം അവർ നിങ്ങളുടെ മാതാക്കളാണ്. ഒരാൾക്കും തന്റെ മാതാവിനെ വിവാഹം ചെയ്യാൻ അനുവാദമില്ല).

أمهاتهم എന്നതിലെ هم എന്ന സർവനാമം പുല്ലിംഗമാണെങ്കിലും അത് പുരുഷന്മാർക്ക് മാത്രമുള്ള ഒന്നല്ല. അതിൽ സ്ത്രീകളും ഉൾപ്പെടും. അറബി ഭാഷയിൽ സാമാന്യ നാമത്തിനും പുല്ലിംഗമാണ് ഉപയോഗിക്കാറുള്ളത്. മാത്രവുമല്ല പ്രവാചക പത്നിമാരുടെ വിവാഹത്തിന്റെ നിഷിദ്ധത എന്നത് പുരുഷന്മാരുമായി മാത്രം ബന്ധപ്പെട്ട ഒന്നാണ്. അതിനാൽ തന്നെ അവരെക്കുറിച്ച് أمهات المؤمنات (വിശ്വാസികളുടെ ഉമ്മമാർ) എന്ന് പറയാവതല്ല.

പ്രവാചക പത്നിമാരുടെ സഹോദരന്മാരെക്കുറിച്ച് വിശ്വാസികളുടെ അമ്മാവന്മാർ എന്ന് പറയാമോ എന്ന് ഒരു ചർച്ച കൂടിയുണ്ട്.

ഇമാം ശാഫിഈ പറയുന്നത് ഇങ്ങനെ പറയാമെന്നാണ്:

وهل يقال لمعاوية وأمثاله خال المؤمنين؟ فيه قولان للعلماء. ونص الشافعي على انه يقال ذلك (ابن كثير فى تفسير وأزواجه أمهاتهم

അഹ്ലുൽ ബൈത്ത് എന്ന പ്രയോഗത്തിന്റെ പ്രഥമ പരിഗണന അവിടുത്തെ ഭാര്യമാരുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. കാരണം ആയത്തിലെ ചർച്ച അവരുമായി ബന്ധപ്പെട്ടതാണ്. ത്വബ്രി പറയുന്നു:

عن علقمة قال: كان عكرمة ينادى فى السوق إنما يريد الله أن يذهب عنكم الرجس أهل البيت ويطهركم تطهيرا قال: نزلت فى نساء النبي صلى الله عليه وسلم خاصة

(അൽഖമയിൽനിന്ന്: അദ്ദേഹം പറഞ്ഞു: ഇക്രിമ അങ്ങാടിയിൽ വെച്ച് വിളിച്ചുപറയുമായിരുന്നു. ഈ വീട്ടുകാരെ, നിങ്ങളിൽനിന്ന് മ്ലേഛത നീക്കാനും നിങ്ങളെ ശുദ്ധീകരിക്കാനുമാണ് അല്ലാഹു ഉദ്ദേശിക്കുന്നത് എന്ന ആയത്ത് പ്രവാചക പത്നിമാരുമായി മാത്രം ബന്ധപ്പെട്ട് അവതരിച്ചതാണ്.)

പ്രവാചക പത്നിമാർ മാത്രമല്ല, മറ്റു ചിലരും അഹ്ലു ബൈത്തിൽ ഉൾപ്പെടുമെന്നുതന്നെയാണ് പൊതുവിൽ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്. ഖുർആന്റെ തന്നെ പ്രയോഗമാണ് ഒരു തെളിവ് ......... يذهب عنكم ويطهركم എന്നീ രണ്ട് പ്രയോഗങ്ങളിലും كم എന്ന പുല്ലിംഗ സർവനാമം ഉപയോഗിച്ചു എന്നതാണ് ഒരു തെളിവ്. ഇമാം റാസി എഴുതുന്നു:

ثم إن الله تعالى ترك خطاب المؤنثان وخاطب بخطاب المذكرين بقوله: ليذهب عنكم الرجس ليدخل فيه نساء أهل بيته ورجالهم (التفسير الكبير)

(പിന്നെ അല്ലാഹു സ്ത്രീലിംഗ പ്രയോഗം ഉപേക്ഷിച്ച് പുല്ലിംഗമുപയോഗിച്ചുകൊണ്ട് നിങ്ങളിൽനിന്ന് മ്ലേഛത ദുരീകരിക്കാൻ എന്നു പറഞ്ഞത് പ്രവാചക കുടുംബത്തിലെ സ്ത്രീകളും പുരുഷന്മാരും ഉൾപ്പെടാൻ വേണ്ടിയാണ്). അദ്ദേഹം തുടർന്നെഴുതുന്നു:

واختلفت الاقوال فى اهل البيت والأولى أن يقال هم أولاده وأزواجه والحسن والحسين منهم وعلى منهم لأنه كان من أهل بيته بسبب معاشرته ببنت النبي عليه السلام و ملازمته للنبي (التفسير الكبير)

(അഹ്ലു ബൈത്തുമായി ബന്ധപ്പെട്ട് വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്: ഏറ്റവും നല്ലത് പ്രവാചകന്റെ മക്കളും അവിടുത്തെ പത്നിമാരുമാണ് അവർ എന്ന് പറയുന്നതാണ്. ഹസനും ഹുസൈനും അവരിലുൾപ്പെടും. അലിയും അവരിലുൾപ്പെടും. അദ്ദേഹം പ്രവാചക കുടുംബാംഗമാണ്. പ്രവാചകന്റെ മകളുമായുള്ള അദ്ദേഹത്തിന്റെ ഇടപഴകലും നബി(സ)യുമായുള്ള അദ്ദേഹത്തിന്റെ വേർപിരിയാത്ത ബന്ധവുമാണ് അതിന് കാരണം).

**അലി, ഫാത്വിമ, ഹസൻ, ഹുസൈൻ**

പ്രവാചക പത്നിമാർ അഹ്ലു ബൈതിലുൾപ്പെടുമെന്ന കാര്യത്തിൽ സംശയമില്ല. എന്നല്ല അവരുമായി ബന്ധപ്പെടുത്തിയാണ് 33:33 സൂക്തം അവതരിച്ചിട്ടുള്ളത്. ഇബ്നു കസീർ എഴുതുന്നു:

وهذا نص فى دخول أزواج النبي صلى الله عليه وسلم فى أهل البيت ها هنا لأنهن سبب نزول هذه الآية وسبب النزول داخل فيه

قولا واحدا إما وحده على قول. أومع غيره على الصحيح (ابن كثير)

(ഇവിടെ പ്രവാചക പത്നിമാർ അഹ്‌ലുൽ ബൈത്തിലുൾപ്പെടുമെന്നതിന് ഇത് സുവ്യക്ത തെളിവാണ്. ഈ സൂക്തത്തിന്റെ അവതരണ കാരണം അവരാണെന്നതുതന്നെ കാരണം. അവതരണ കാരണം അതിലുൾപ്പെട്ടിരിക്കുമല്ലോ. അത് ഏകകണ്ഠാഭിപ്രായമാണ്. ഒരഭിപ്രായമനുസരിച്ച് അത് മാത്രമാവും അതിലുൾപ്പെടുന്നത്. ശരിയായ അഭിപ്രായമനുസരിച്ച് മറ്റുള്ളതോടൊപ്പമാവും അതും അതിലുൾപ്പെടുന്നത്).

എന്നാൽ അലിയും ഫാത്വിമയും ഹസനും ഹുസൈനും എങ്ങനെയാണ് അഹ്‌ലുൽ ബൈത്തിൽ കടന്നുവരുന്നത് എന്ന ചോദ്യം പ്രസക്തമാണ്. ഇസ്‌ലാമിക കാഴ്ചപ്പാടനുസരിച്ച് കുടുംബ പാരമ്പര്യം സ്ഥിരപ്പെടുന്നതും പരിഗണിക്കപ്പെടുന്നതും പിതാവുമായി ബന്ധപ്പെടുത്തിയാണെന്നിരിക്കെ വിശേഷിച്ചും. ഇവിടെയാണ് ചില ഹദീസുകൾ വിഷയവുമായി ബന്ധപ്പെട്ട് ഉദ്ധരിക്കേണ്ടി വരുന്നത്. ഇമാം മുസ്‌ലിം ഉദ്ധരിക്കുന്നു:

عَنْ صَفِيَّةَ بِنْتِ شَيْبَةَ، قَالَتْ: قَالَتْ عَائِشَةُ: خَرَجَ النَّبِيُّ صلى الله عليه وسلم غَدَاةً وَعَلَيْهِ مِرْطٌ مُرَحَّلٌ مِنْ شَعْرٍ أَسْوَدَ فَجَاءَ الْحَسَنُ بْنُ عَلِيٍّ فَأَدْخَلَهُ ثُمَّ جَاءَ الْحُسَيْنُ فَدَخَلَ مَعَهُ ثُمَّ جَاءَتْ فَاطِمَةُ فَأَدْخَلَهَا ثُمَّ جَاءَ عَلِيٌّ فَأَدْخَلَهُ ثُمَّ قَالَ : إِنَّمَا يُرِيدُ اللَّهُ لِيُذْهِبَ عَنْكُمُ الرِّجْسَ أَهْلَ الْبَيْتِ وَيُطَهِّرَكُمْ تَطْهِيرًا (مسلم كتاب فضائل الصحابة باب فضائل اهل البيت النبي صلى الله عليه و سلم 6261)

(ശൈബയുടെ മകൾ സ്വഫിയ്യയിൽനിന്ന്: അവർ പറഞ്ഞു: ആഇശ പറഞ്ഞു: ഒരു ദിവസം രാവിലെ നബി(സ) പുറത്തിറങ്ങി. ഒട്ടകക്കൂടാരത്തിന്റെ ചിത്രപ്പണിയുള്ളതും കറുത്തരോമം കൊണ്ട് നെയ്തതുമായ ഒരു പുതപ്പണിഞ്ഞിട്ടുണ്ട് അവിടുന്ന്. അങ്ങനെയിരിക്കെ അലിയുടെ മകൻ ഹസൻ വന്നു. നബി(സ) അവനെ പുതപ്പിനുള്ളിലാക്കി. പിന്നെ ഹുസൈൻ വന്നു. അവൻ മറ്റവന്റെ കൂടെ അതിൽ കടന്നുകൂടി. പിന്നെ ഫാത്വിമ വന്നു. അവരെയും നബി(സ) അതിലുൾപ്പെടുത്തി. പിന്നെ അലി വന്നു. അദ്ദേഹത്തെയും അതിലുൾപ്പെടുത്തി. പിന്നെ നബി(സ) പറഞ്ഞു: നിങ്ങളിൽനിന്ന് മ്ലേഛത നീക്കാനും നിങ്ങളെ ശുദ്ധീകരിക്കാനുമാണ് ഈ വീട്ടുകാരെ, അല്ലാഹു ഉദ്ദേശിക്കുന്നത്).

ഇങ്ങനെയാണ് അലിയും ഫാത്വിമയും മക്കളായ ഹസനും ഹുസൈനും അഹ്‌ലുബൈത്തിലുൾപ്പെടുന്നത്. ഇതേ സംഭവം ഇങ്ങനെയും ഉദ്ധരിച്ചു വന്നിട്ടുണ്ട്:

عن العوام بن حوشب عن عم له قال: دخلت مع أبي على عائشة فسألتها عن علي رضي الله عنه فقالت رضي الله عنها تسألني عن رجل كان من أحبّ النّاس إلى رسول الله صلى الله عليه وسلم وكانت تحته ابنته واحب الناس اليه لقد رأيت رسول الله صلى الله عليه وسلم دعا عليّا وفاطمة وحسنا وحسينا فألقى عليهم ثوبا فقال: اللّهُمّ هؤلاء اهل بيتى فاذهب الرّجس وطهّرهم تطهيرا قالت فدنوت منه فقلت: يا رسول الله وأنا من أهل بيتك؟ فقال: تنحّى فإنك على خير (ابن أبي حاتم)

(അൽ അവാമുബ്നു ഹൗശബ് തന്റെ പിതൃവ്യനിൽനിന്ന് ഉദ്ധരിക്കുന്നു: പിതൃവ്യൻ പറഞ്ഞു; ഞാൻ പിതാവിന്റെ കൂടെ ആഇശയുടെ അടുത്ത് ചെന്നു. ഞാൻ അവരോട് അലിയെ സംബന്ധിച്ച് ചോദിച്ചു; അവർ പറഞ്ഞു: അല്ലാഹുവിന്റെ ദൂതർക്ക് ജനങ്ങളിൽ ഏറ്റവും കൂടുതൽ ഇഷ്ടപ്പെട്ട ഒരു മനുഷ്യനെക്കുറിച്ചാണോ താങ്കൾ എന്നോട് അന്വേഷിക്കുന്നത്. ജനങ്ങളിൽ അവിടുത്തേക്ക് ഏറ്റവും ഇഷ്ടപ്പെട്ട തന്റെ മകൾ അദ്ദേഹത്തിന്റെ ഭാര്യയായിരുന്നു. അല്ലാഹുവിന്റെ ദൂതർ അലി, ഫാത്വിമ, ഹസൻ, ഹുസൈൻ എന്നിവരെ വിളിച്ചുവരുത്തി. എന്നിട്ട് അവർക്കുമേൽ ഒരു വസ്ത്രം ഇടുകയും ചെയ്തത് ഞാൻ നേരിട്ടു കണ്ടതാണ്. പിന്നെ അവിടുന്ന് പ്രാർഥിച്ചു: അല്ലാഹുവേ, ഇവർ എന്റെ വീട്ടുകാരാണ്. അതിനാൽ അവരിൽനിന്ന് മ്ലേഛത ദൂരീകരിക്കുകയും അവരെ ശുദ്ധീകരിക്കുകയും ചെയ്യേണമേ! അവർ പറയുന്നു: ഞാൻ നബി(സ)യുടെ അടുത്ത് ചെന്നു. ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, ഞാനും അങ്ങയുടെ വീട്ടുകാരിലുൾപ്പെട്ടവരല്ലേ? അവിടുന്ന് പറഞ്ഞു: മാറിനിൽക്കുക നീ നന്മയിലാണുള്ളത്.

മുസ്‌ലിമിന്റെ മറ്റൊരു പാഠം ഇങ്ങനെയാണ്:

عن يَزِيدُ بْنُ حَيَّانَ، قَالَ: انْطَلَقْتُ أَنَا وَحُصَيْنُ، بْنُ سَبْرَةَ وَعُمَرُ بْنُ مُسْلِمٍ إِلَى زَيْدِ بْنِ أَرْقَمَ. فَلَمَّا جَلَسْنَا إِلَيْهِ قَالَ لَهُ حُصَيْنٌ لَقَدْ لَقِيتَ يَا زَيْدُ خَيْرًا كَثِيرًا رَأَيْتَ رَسُولَ اللَّهِ صلى الله عليه وسلم وَسَمِعْتَ حَدِيثَهُ وَغَزَوْتَ مَعَهُ وَصَلَّيْتَ خَلْفَهُ لَقَدْ لَقِيتَ يَا زَيْدُ خَيْرًا كَثِيرًا حَدِّثْنَا يَا زَيْدُ مَا سَمِعْتَ مِنْ رَسُولِ اللَّهِ صلى الله عليه وسلم - قَالَ - يَا ابْنَ أَخِي وَاللَّهِ لَقَدْ كَبِرَتْ سِنِّي وَقَدُمَ عَهْدِي وَنَسِيتُ بَعْضَ الَّذِي كُنْتُ أَعِي مِنْ رَسُولِ اللَّهِ صلى الله عليه وسلم فَمَا حَدَّثْتُكُمْ فَاقْبَلُوا وَمَا لاَ فَلاَ تُكَلِّفُونِيهِ . ثُمَّ قَالَ قَامَ رَسُولُ اللَّهِ صلى الله عليه وسلم يَوْمًا فِينَا خَطِيبًا بِمَاءٍ يُدْعَى خُمًّا بَيْنَ مَكَّةَ وَالْمَدِينَةِ فَحَمِدَ اللَّهَ وَأَثْنَى عَلَيْهِ وَوَعَظَ وَذَكَّرَ ثُمَّ قَالَ " أَمَّا بَعْدُ أَلاَ أَيُّهَا النَّاسُ فَإِنَّمَا أَنَا بَشَرٌ يُوشِكُ أَنْ يَأْتِيَ رَسُولُ رَبِّي فَأُجِيبَ وَأَنَا تَارِكٌ فِيكُمْ ثَقَلَيْنِ أَوَّلُهُمَا كِتَابُ اللَّهِ فِيهِ الْهُدَى وَالنُّورُ فَخُذُوا بِكِتَابِ اللَّهِ وَاسْتَمْسِكُوا بِهِ " . فَحَثَّ عَلَى كِتَابِ اللَّهِ وَرَغَّبَ فِيهِ ثُمَّ قَالَ " وَأَهْلُ بَيْتِي أُذَكِّرُكُمُ اللَّهَ فِي أَهْلِ بَيْتِي أُذَكِّرُكُمُ اللَّهَ فِي أَهْلِ بَيْتِي أُذَكِّرُكُمُ اللَّهَ فِي أَهْلِ بَيْتِي " . فَقَالَ لَهُ حُصَيْنٌ وَمَنْ أَهْلُ بَيْتِهِ يَا زَيْدُ أَلَيْسَ نِسَاؤُهُ مِنْ أَهْلِ بَيْتِهِ قَالَ نِسَاؤُهُ مِنْ أَهْلِ بَيْتِهِ وَلَكِنْ أَهْلُ بَيْتِهِ مَنْ حُرِمَ الصَّدَقَةَ بَعْدَهُ . قَالَ وَمَنْ هُمْ قَالَ هُمْ آلُ عَلِيٍّ وَآلُ عَقِيلٍ وَآلُ جَعْفَرٍ وَآلُ عَبَّاسٍ . قَالَ كُلُّ هَؤُلاَءِ حُرِمَ الصَّدَقَةَ قَالَ نَعَمْ .(مسلم فضائل الصحابه باب فضائل على بن ابى طالب رضي الله عنه 6228، 6225،6226،6227)

(യസീദുബ്നു ഹയ്യാനിൽനിന്ന്: അദ്ദേഹം പറഞ്ഞു; ഞാനും ഹുസൈനുബ്നു സബ്റയും അംറുബ്നു മുസ്‌ലിമും സൈദുബ്നു അർഖമിന്റെ അടുത്ത് ചെന്നു. ഞങ്ങൾ അദ്ദേഹത്തിനടുത്ത് ഇരുന്ന ശേഷം ഹുസൈൻ അദ്ദേഹത്തോട് ചോദിച്ചു: സൈദ്, താങ്കൾ ധാരാളം നന്മകൾ അനുഭവിച്ചറിഞ്ഞയാളാണ്. അതിനാൽ, സൈദ്,

താങ്കൾ അല്ലാഹുവിന്റെ ദൂതരിൽനിന്ന് കേട്ട വല്ലതും ഞങ്ങളോട് പറഞ്ഞാലും!

അദ്ദേഹം പറഞ്ഞു: സഹോദര പുത്രാ, അല്ലാഹുവാണ, എനിക്ക് പ്രായം കൂടി. എന്റെ കാലമടുത്തു. അല്ലാഹുവിന്റെ ദൂതരിൽനിന്ന് ഞാൻ ഗ്രഹിച്ച ചിലതൊക്കെ ഞാൻ മറന്നു. അതിനാൽ ഞാൻ വല്ലതും പറഞ്ഞാൽ അത് കൈക്കൊള്ളുക. അല്ലാത്തവക്കു വേണ്ടി നിങ്ങൾ എന്നെ നിർബന്ധിക്കരുത്. അദ്ദേഹം തുടർന്നു: ഒരു ദിവസം അല്ലാഹുവിന്റെ ദൂതർ മക്കക്കും മദീനക്കുമിടക്കുള്ള ഖുമ്മ് എന്ന സ്ഥലത്തുള്ള ഒരു നീരുറവക്കടുത്ത് ഞങ്ങളോട് പ്രസംഗിക്കാനായി നിന്നു. അവിടുന്ന് അല്ലാഹുവിനെ സ്തുതിച്ചു. അവനെ പ്രകീർത്തിച്ചു. ഉപദേശിച്ചു. ഉദ്ബോധനം നൽകി. അവിടുന്ന് പറഞ്ഞു: എന്നാൽ, മനുഷ്യരേ, അറിഞ്ഞിരിക്കുക. ഞാൻ മനുഷ്യൻ മാത്രമാണ്. എന്റെ നാഥന്റെ ദൂതൻ അടുത്തു തന്നെ വന്നെന്നും ഞാൻ ഉത്തരം നൽകിയെന്നും വരാം. ഞാൻ നിങ്ങളിൽ രണ്ട് ഭാരം ബാക്കിവെച്ചാണ് പോവുന്നത്. അതിൽ ആദ്യത്തേത് അല്ലാഹുവിന്റെ ഗ്രന്ഥമാണ്. അതിലാണ് സന്മാർഗവും പ്രകാശവുമുള്ളത്. അതിനാൽ അല്ലാഹുവിന്റെ ഗ്രന്ഥം കൈക്കൊള്ളുകയും അത് മുറുകെ പിടിക്കുകയും ചെയ്യുക. അവിടുന്ന് അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ താൽപര്യം ജനിപ്പിക്കുകയും അതിന്റെ കാര്യത്തിൽ പ്രോത്സാഹനം നൽകുകയും ചെയ്തു. പിന്നെ പറഞ്ഞു; എന്റെ കുടുംബമാണ് (അഹ്ലുൽ ബൈത്താണ്) മറ്റൊന്ന്. എന്റെ കുടുംബത്തിന്റെ കാര്യത്തിൽ ഞാൻ നിങ്ങളെ അല്ലാഹുവിനെ ഓർമിപ്പിക്കുകയാണ്, എന്റെ കുടുംബത്തിന്റെ കാര്യത്തിൽ ഞാൻ നിങ്ങളെ അല്ലാഹുവിനെ ഓർമിപ്പിക്കുകയാണ്; എന്റെ കുടുംബത്തിന്റെ കാര്യത്തിൽ ഞാൻ നിങ്ങളെ അല്ലാഹുവിനെ ഓർമിപ്പിക്കുകയാണ്.

അപ്പോൾ ഹുസൈൻ ചോദിച്ചു: സൈദ്, ആരാണ് അവിടുത്തെ കുടുംബം? അവിടുത്തെ ഭാര്യമാർ അവിടുത്തെ കുടുംബത്തിലുൾപ്പെടുകയില്ലയോ?

അദ്ദേഹം പറഞ്ഞു; അവിടുത്തെ ഭാര്യമാർ അവിടുത്തെ കുടുംബത്തിലുൾപ്പെട്ടവർ തന്നെ. എന്നാൽ അദ്ദേഹത്തിന്റെ കുടുംബമെന്നത് അദ്ദേഹത്തിനു ശേഷം ദാനം (സ്വദഖ) നിഷിദ്ധമായവരാണ്.

ഹുസൈൻ ചോദിച്ചു: ആരാണവർ?

സൈദ് പറഞ്ഞു: അലിയുടെ കുടുംബം, അഖീലിന്റെ കുടുംബം, ജഅ്ഫറിന്റെ കുടുംബം, അബ്ബാസിന്റെ കുടുംബം.

ഹുസൈൻ ചോദിച്ചു: ഇവർ എല്ലാവരും ദാനം വിലക്കപ്പെട്ടതാണോ?

സൈദ് പറഞ്ഞു: അതേ (മുസ്ലിം 6225, 6226, 6227, 6228).

ഈ ഹദീസിൽ വ്യക്തമാകുന്ന ഒരു കാര്യം ഇതാണ്: അഹ്ലു ബൈത്ത് എന്നത് നബി കുടുംബത്തിന് പൊതുവിൽ പറയാവുന്ന പ്രയോഗമാണ്. 'ആലുന്നബിയ്യ്' 'ഖറാബതുന്നബിയ്യ്' എന്നീ പ്രയോഗങ്ങൾ പോലെ തന്നെ. പ്രവാചക പത്നിമാർ അവിടുത്തെ കുടുംബത്തിലുൾപ്പെട്ടവരല്ലേ എന്ന ചോദ്യത്തിന് സൈദുബ്നുൽ അർഖം നൽകിയ മറുപടി ഒരു പാഠത്തിൽ അവർ അവിടുത്തെ കുടുംബത്തിലുൾപ്പെട്ടവർ തന്നെ എന്നാണ്. മറ്റൊരു പാഠം അല്ലെന്നും. അത് ഇപ്രകാരമാണ്;

فقلنا: من اهل بيته؟ نساؤه؟ قالَ: لا (ഞങ്ങൾ ചോദിച്ചു: ആരാണ് അവിടുത്തെ കുടുംബം, അവിടുത്തെ ഭാര്യമാരാണോ? അദ്ദേഹം പറഞ്ഞു: അല്ല). ഈ രണ്ടു പാഠവും പരസ്പരവിരുദ്ധമെന്ന് തോന്നാം. അത് രണ്ടും രണ്ടർഥത്തിൽ മനസ്സിലാക്കിയാൽ വൈരുധ്യത്തിന്റെ പ്രശ്നമില്ല. പത്നിമാർ കുടുംബാംഗങ്ങളല്ലെന്ന് പറയാൻ ഇസ്ലാമിക കാഴ്ചപ്പാടനുസരിച്ചും സാമാന്യ ബോധമനുസരിച്ചും പറ്റില്ല. എന്നാൽ പ്രവാചക കുടുംബം എന്ന് പൊതുവിൽ പറയുന്ന അർഥത്തിൽ ഭാര്യമാരെ ഉൾപ്പെടുത്താനും പറ്റില്ല. അതാണ് സൈദുബ്നു അർഖം പറഞ്ഞത്, ദാനം വിലക്കപ്പെട്ടവരാണ് നബി(സ)യുടെ കുടുംബം. ദാനം തടയപ്പെട്ടവരിൽ ഭാര്യമാർ ഉൾപ്പെടുകയില്ല. ഖുറൈശികൾ എല്ലാം അടിസ്ഥാനപരമായി പ്രവാചക കുടുംബത്തിൽ പെടുമെങ്കിലും ആലുന്നബി (പ്രവാചക കുടുംബം) എന്ന് പറയുന്നതിൽ അവരിലെ ചില പ്രത്യേക വിഭാഗങ്ങളേ ഉൾപ്പെടൂ എന്നാണ് സൈദുബ്നു അർഖമിന്റെ മറുപടി വ്യക്തമാക്കുന്നത്. ദാനം വിലക്കപ്പെട്ടവർ എന്ന മറുപടി. ഇമാം നവവി എഴുതുന്നു;

والمراد بالصدقة الزكاة وهي حرام عند نا على بنى هاشم وبنى المطلب
وقال مالك : بنو هاشم فقط وقيل : بنو قصى وقيل قريش كلها
(شرح صحيح مسلم 195/8)

(സ്വദഖ കൊണ്ടുള്ള വിവക്ഷ സകാത്താണ്. നമ്മുടെ അഭിപ്രായത്തിൽ ബനൂ ഹാശിമിനും ബനുൽ മുത്ത്വലിബിനും അത് നിഷിദ്ധമാണ്. മാലിക് പറയുന്നത് ബനൂ ഹാശിം മാത്രമാണവർ എന്നാണ്. ബനുഖുസയ്യ് എന്ന് പറയപ്പെട്ടിട്ടുണ്ട്. ഖുറൈശികൾ എല്ലാവരും എന്നും ഒരഭിപ്രായമുണ്ട്) (*ശറഹു മുസ്ലിം* 8/195).

ദാനം വിലക്കപ്പെട്ടവരിൽ പ്രവാചക പത്നിമാർ ഉൾപ്പെടുന്നില്ല. ഇമാം നവവി തന്നെ പറയുന്നു:

فنساؤه داخلات فى هذا كله ولا يدخلن فيمن حرم الصدقه
وقد اشار إلى هذا فى الرواية الاولى بقوله نساؤه من اهل بيته
ولكن اهل بيته من حرم الصدقة (شرح صحيح مسلم 195/8)

(അവിടുത്തെ ഭാര്യമാർ മുകളിൽ പറഞ്ഞ എല്ലാ കാര്യങ്ങളിലും ഉൾപ്പെടും. ദാനം വിലക്കപ്പെട്ടവർ എന്ന് പറഞ്ഞതിൽ അവരുൾപ്പെടുകയില്ല. അവിടുത്തെ ഭാര്യമാരും അവിടുത്തെ കുടുംബം തന്നെ. എന്നാൽ അവിടുത്തെ യഥാർഥ കുടുംബം ദാനം തടയപ്പെട്ടവരത്രെ) (*ശർഹു മുസ്ലിം* 8/19).

മുസ്ലിമിന്റെയും ഇബ്നു അബീഹാതിമിന്റെയും മുകളിൽ കൊടുത്ത ഹദീസുകളുടെ വെളിച്ചത്തിൽ അഹ്ലു ബൈത്തിനെ രണ്ട് രീതിയിൽ കാണേണ്ടതുണ്ടെന്ന് വന്നു. ഒന്ന് മൊത്തം കുടുംബം. രണ്ട്, ഭാര്യമാരും അലി, ഫാത്വിമ, ഹസൻ, ഹുസൈൻ എന്നിവരടങ്ങുന്ന പ്രത്യേക വിഭാഗവും. അതിൽ തന്നെ ഇപ്പോൾ അഹ്ലുബൈത്ത് എന്ന് പറയുമ്പോൾ പൊതുവിൽ ധരിച്ചുവശാവുന്നത് അലി, ഫാത്വിമ, ഹസൻ, ഹുസൈൻ സംഘത്തെയാണ്. അത് ശരിയല്ല എന്നു കൂടി ഓർക്കുന്നത് നന്ന്.

മുസ്ലിമിന്റെ ഒരു പാഠം ഇപ്രകാരമാണ്: നബി(സ) പറഞ്ഞു:

غَيْرَ أَنَّهُ قَالَ : أَلاَ وَإِنِّي تَارِكٌ فِيكُمْ ثَقَلَيْنِ أَحَدُهُمَا كِتَابُ اللَّهِ عَزَّ وَجَلَّ هُوَ حَبْلُ اللَّهِ مَنِ اتَّبَعَهُ كَانَ عَلَى الْهُدَى وَمَنْ تَرَكَهُ كَانَ عَلَى ضَلاَلَةٍ " . وَفِيهِ فَقُلْنَا مَنْ أَهْلُ بَيْتِهِ نِسَاؤُهُ قَالَ لاَ وَايْمُ اللَّهِ إِنَّ الْمَرْأَةَ تَكُونُ مَعَ الرَّجُلِ الْعَصْرَ مِنَ الدَّهْرِ ثُمَّ يُطَلِّقُهَا فَتَرْجِعُ إِلَى أَبِيهَا وَقَوْمِهَا أَهْلُ بَيْتِهِ أَصْلُهُ وَعَصَبَتُهُ الَّذِينَ حُرِمُوا الصَّدَقَةَ بَعْدَهُ (فَضَائِلِ الصحابة عَلِيِّ بْنِ أَبِي طَالِبٍ رضى الله عنه 6228).

(എന്നാൽ അവിടുന്ന് പറഞ്ഞു: അറിയുക, ഞാൻ തങ്ങളിൽ രണ്ടു ഭാരം വിട്ടേച്ചുപോവുകയാണ്. അതിലൊന്ന് അല്ലാഹുവിന്റെ ഗ്രന്ഥമാണ്. അത് അവന്റെ പാശമാണ്. അതിനെ പിന്തുടർന്നവർ സന്മാർഗത്തിലാവും. അതിനെ കൈയൊഴിഞ്ഞവർ ദുർമാർഗത്തിലും. പാഠത്തിൽ ഇങ്ങനെ കൂടിയുണ്ട്. ഞങ്ങൾ ചോദിച്ചു; ആരാണ് അവിടുത്തെ വീട്ടുകാർ? അവിടുത്തെ ഭാര്യമാരാണോ? അദ്ദേഹം പറഞ്ഞു: അല്ല, അല്ലാഹുവിൽ സത്യം, സ്ത്രീ കുറേക്കാലം പുരുഷനോടൊപ്പം കഴിയും. പിന്നെ അവൻ അവളെ വിവാഹമോചനം ചെയ്തെന്നു വരും. അപ്പോൾ അവൾ സ്വന്തം പിതാവിന്റെയും സ്വന്തക്കാരുടെയും അടുത്തേക്ക് പോവും. വീട്ടുകാർ എന്ന് പറയുന്നത് അയാളുടെ അസ്‌ലും അയാൾക്കു ശേഷം ദാനം തടയപ്പെടുന്ന അനന്തിരവന്മാരുമാണ്) (മുസ്‌ലിം 6228). ഈ പാഠത്തിലെ അസ്ൽ, അനന്തിരവന്മാർ എന്ന് പറയുന്നത് പൊതുവെ സ്വീകാര്യമാവുമെങ്കിലും ദാനം തടയപ്പെട്ടവർ എന്നത് നബി(സ)യുമായി മാത്രം ബന്ധപ്പെട്ട ഒന്നാണ്. മറ്റുള്ളവരുടെ അനന്തിരവന്മാർക്ക് ദാനം തടയപ്പെടുന്നില്ല.

ഖും പ്രസംഗത്തിന്റെ മുസ്‌ലിമിന്റെ പാഠത്തിൽ അലിയെപ്പറ്റിയുള്ള പ്രത്യേക പരാമർശമൊന്നുമില്ല. എന്നാൽ ഇബ്നു കസീർ *അൽ ബിദായ വന്നിഹായ*യിൽ ഇപ്രകാരം ഉദ്ധരിക്കുന്നുണ്ട്:

عن أبى الطفيل عن زيدبن أرقم قال: لما رجع رسول الله من حجة الوداع ونزل غديرخم بدوحات فقممن ثم قال: كأنى دعيت فاجبت إنى قد تركت فيكم الثقلين كتاب الله وعترتي أهل بيتى فانظروا كيف تخلفونى فيهما فانهما لن يتفرقا حتى يردا علي الحوض ثم قال: الله مولاي واناولى كل مؤمن ثم أخد بيد علي فقال: من كنت مولاه فهذا وليه اللهم وال من ولاه وعاد من عاداه (ابن كثير البداية والنهاية 242/5 417/5 حديث)

(അബൂത്വുഫൈലിൽനിന്ന്: അദ്ദേഹം സൈദുബ്നു അർഖമിനെ ഉദ്ധരിക്കുന്നു: അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ ദൂതർ വിടവാങ്ങൽ ഹജ്ജിൽനിന്ന് മടങ്ങുകയും ഖും നീരുറവക്കടുത്ത് ഇറങ്ങുകയും ചെയ്തപ്പോൾ അവിടെയുള്ള മരക്കൂട്ടത്തിന്റെ ചുവട് വൃത്തിയാക്കാൻ നിർദേശിച്ചു. അങ്ങനെ അവിടം അടിച്ചു വൃത്തിയാക്കി. തുടർന്ന് നബി(സ) പറഞ്ഞു: എന്നെ തിരിച്ചുവിളിക്കുകയും ഞാൻ വിളികേൾക്കുകയും ചെയ്തതു പോലെയുണ്ട്. ഞാൻ നിങ്ങളിൽ രണ്ട് ഭാരം ബാക്കിവെച്ചാണ് പോകുന്നത്. അല്ലാഹുവിന്റെ ഗ്രന്ഥവും എന്റെ കുടുംബവും, എന്റെ വീട്ടുകാർ. അതിനാൽ അത് രണ്ടിലും നിങ്ങൾ എന്നെ എങ്ങനെ പ്രതിനിധീകരിക്കുന്നു എന്ന് ചിന്തിക്കുക. എന്റെയടുത്ത് ഹൗദിങ്കൽ വരുംവരെ അത് രണ്ടും വേർപിരിയുകയില്ല. പിന്നെ അവിടുന്ന് പറഞ്ഞു: അല്ലാഹുവാണ് എന്റെ രക്ഷകൻ. ഞാൻ ഏതൊരു വിശ്വാസിയുടെയും നായകനാണ്. പിന്നെ അവിടുന്ന് അലിയുടെ കൈപിടിച്ചു: എന്നിട്ട് പറഞ്ഞു: ഞാൻ ആരുടെ നായകനാണോ ഇദ്ദേഹം അയാളുടെ തോഴനാണ്. അല്ലാഹുവേ, ഇദ്ദേഹത്തോട് സ്നേഹബന്ധം പുലർത്തിയവനുമായി നീയും സ്നേഹബന്ധം പുലർത്തുക. ഇദ്ദേഹവുമായി ശത്രുത പുലർത്തുന്നവനോട് നീയും ശത്രുത പുലർത്തുക).

ഈ ഹദീസിന്റെ വ്യത്യസ്ത പാഠങ്ങൾ സൈദുബ്നു അർഖം, ബറാഉ ബ്നു ആസിബ്, അലി, സൈദുബ്നു യഥീഗ്, അബ്ദുർറഹ്‌മാനുബ്നു *അലീ ലൈലാ*, റബാഹുബ്നുൽ ഹാരിസ്, ആഇശബിൻത് *നുസഅ്ദ്*, ജാബിറുബ്നു അബ്ദില്ല, യഹ്‌യബ്നു ആദം, ഹബ്ശുബ്നു ജുനാദ, അബൂഹുറൈറ എന്നിവരിൽനിന്നെല്ലാം ഉദ്ധരിച്ചു വന്നിട്ടുണ്ട്. ഈ ഹദീസ് സംബന്ധിച്ച് ഇമാം ഇബ്നു കസീർ പറയുന്നു:

ونحن نورد عيون ماروي فى ذلك مع إعلا منا أنه لا حظ للشيعة فيه ولا متمسك لهم ولا دليل لما سنبينه وننبه عليه فنقول وبالله المستعان (البدايه والنهاية 241/5)

(ഇതുമായി ബന്ധപ്പെട്ട് ഉദ്ധരിച്ചു വന്നവ അതേപടി നാം ഇവിടെ ഉദ്ധരിക്കുന്നു. അതിൽ ശീഈകൾക്ക് യാതൊരു കൈയുമില്ലെന്നും അവർക്കതിൽ പിടിത്തമോ തെളിവോ ഇല്ലെന്നും വ്യക്തമാണ്. അതിന്റെ കാരണം നാം പിന്നീട് വിവരിക്കുകയും ഉണർത്തുകയും ചെയ്യുന്നുണ്ട്. അതിനാൽ നാം പറയാം, അല്ലാഹുവോടാണ് സഹായാർഥന).

ഫാത്വിമയുടെ മക്കൾക്ക് സ്വദഖ മുമ്പേ തടയപ്പെട്ടതാണ്. സ്വദഖയുടെ ഇനത്തിൽപെട്ട ഒരു കാരക്ക വായിലെടുത്തിട്ട ഹസന്റെ വായിൽ കൈയിട്ട് അത് തുപ്പാൻ നിർദേശിച്ചുകൊണ്ട് നബി(സ) അത് വ്യക്തമാക്കിയതാണ്. ആ സംഭവം ഇമാം ബുഖാരി ഉദ്ധരിക്കുന്നത് ഇങ്ങനെ:

عَنْ أَبِي هُرَيْرَةَ - رضى الله عنه - قَالَ كَانَ رَسُولُ اللَّهِ صلى الله عليه وسلم يُؤْتَى بِالتَّمْرِ عِنْدَ صِرَامِ النَّخْلِ فَيَجِيءُ هَذَا بِتَمْرِهِ وَهَذَا مِنْ تَمْرِهِ حَتَّى يَصِيرَ عِنْدَهُ كَوْمًا مِنْ تَمْرٍ، فَجَعَلَ الْحَسَنُ وَالْحُسَيْنُ - رضى الله عنهما - يَلْعَبَانِ بِذَلِكَ التَّمْرِ، فَأَخَذَ أَحَدُهُمَا تَمْرَةً، فَجَعَلَهَا فِي فِيهِ، فَنَظَرَ إِلَيْهِ رَسُولُ اللَّهِ صلى الله عليه وسلم فَأَخْرَجَهَا مِنْ فِيهِ فَقَالَ: أَمَا عَلِمْتَ أَنَّ آلَ مُحَمَّدٍ صلى الله عليه وسلم لاَ يَأْكُلُونَ الصَّدَقَةَ (البخارى كتاب الزكاة 1491,1485 كتاب الجهاد والسير 3072).

(അബൂഹുറയ്റ(റ)യിൽനിന്ന്: അദ്ദേഹം പറഞ്ഞു: ഈത്തപ്പനയിൽനിന്ന് ഫലമെടുക്കുന്ന കാലത്ത് ആളുകൾ അല്ലാഹുവിന്റെ ദൂതരുടെ അടുത്ത് കാരക്ക കൊണ്ടുവരും. ഇയാൾ അയാളുടെ കാരക്കയുമായി വരും. ഇയാളും വരും അയാളുടെ കാരക്കയുമായി. അങ്ങനെ നബി(സ)യുടെ അടുത്ത് കാരക്കയുടെ ഒരു കൂന തന്നെ രൂപപ്പെടും. ഹസനും ഹുസൈനും ആ കാരക്കയെടുത്ത് കളിക്കും. അവർ രണ്ടിലൊരാൾ ഒരു കാരക്കയെടു

ത്ത് വായിലിട്ടു. അല്ലാഹുവിന്റെ ദൂതർ അവനെ നോക്കി. അവിടുന്ന് അത് അവന്റെ വായിൽനിന്നും പുറത്തെടുത്തു. എന്നിട്ട് പറഞ്ഞു: മുഹമ്മദിന്റെ കുടുംബം സ്വദഖ തിന്നുകയില്ലെന്ന് നിനക്കറയില്ലേ?) (ബുഖാരി 1485, 1491, 3072). 1491 ലും 3072 അതെടുത്ത് വായിലിട്ടത് ഹസനാണെന്ന് വ്യക്തമായി തന്നെ പറയുന്നുണ്ട്.

എന്നാൽ ഇമാം മുസ്‌ലിമിന്റെ 6228-ാം നമ്പർ പാഠത്തിൽ പറഞ്ഞ അവസാന ഭാഗത്തിൽ എന്തോ ഒരു പന്തികേടുണ്ട്. ഞങ്ങൾ ചോദിച്ചു; 'ആരാണ് അവിടുത്തെ വീട്ടുകാർ? അവിടുത്തെ ഭാര്യമാരോ?' അദ്ദേഹം പറഞ്ഞു: 'അല്ല, അല്ലാഹുവിൽ സത്യം, സ്ത്രീ പുരുഷന്റെ കൂടെ കുറേക്കാലം പൊറുക്കും. പിന്നെ അയാൾ അവളെ വിവാഹമോചനം നടത്തും. അവൾ അവളുടെ പിതാവിന്റെയും അവളുടെ ആളുകളുടെയും അടുത്തേക്ക് പോവും.'

ഖുർആൻ 33:33 പ്രവാചക പത്നിമാരുമായി ബന്ധപ്പെട്ടാണ് അവതരിച്ചത് എന്ന കാരണത്താൽ തന്നെ 'അല്ല' എന്ന മറുപടിക്ക് പ്രസക്തി നഷ്ടപ്പെടുന്നു.

2. സ്ത്രീ പുരുഷന്റെ കൂടെ കുറേക്കാലം പൊറുക്കുന്നു. പിന്നെ അയാൾ അവളെ വിവാഹമോചനം ചെയ്യുന്നു. പിന്നെ അവൾ പിതാവിന്റെയും സ്വന്തക്കാരുടെയും അടുത്തേക്ക് പോവുന്നു എന്ന് പറയുന്നതും ശരിയല്ല. വിവാഹമോചനം എന്നത് അപൂർവങ്ങളിൽ അപൂർവമാണ്. കോടിക്കണക്കിന് മനുഷ്യരിൽ ഏതാനും നൂറോ ആയിരമോ ആളുകൾ ചെയ്യുന്ന ഒരു കാര്യത്തെ സാമാന്യവൽക്കരിക്കുന്നത് ശരിയല്ല.

3. മുസ്‌ലിമിന്റെ തന്നെ തൊട്ടുമുമ്പുദ്ധരിച്ച 6225-ാം നമ്പർ പാഠത്തിലെ 'അവിടുത്തെ ഭാര്യമാർ അവിടുത്തെ വീട്ടുകാർ തന്നെ' എന്ന പരാമർശത്തിനു വിരുദ്ധമാണ് ഈ മറുപടി.

4. അലി, ഫാത്വിമ, ഹസൻ, ഹുസൈൻമാരെ പ്രത്യേകം തന്റെ വീട്ടുകാരെന്ന് വിശേഷിപ്പിക്കേണ്ടിവന്നത് തന്നെയും ഇസ്‌ലാമിന്റെ പൊതു കാഴ്ചപ്പാടനുസരിച്ച് അവരെ പ്രവാചകന്റെ കുടുംബത്തിൽ എണ്ണുമെങ്കിലും അഹ്‌ലുബൈത്തിൽ- വീട്ടുകാരിൽ- എണ്ണുകയില്ല എന്നതുകൊണ്ടാണ്. അതുകൊണ്ട് ആ പൊതു കാഴ്ചപ്പാടിന് വിരുദ്ധമായി അവരെ പ്രത്യേകം അഹ്‌ലു ബൈതിൽ ഉൾപ്പെടുത്തിയതായി പ്രഖ്യാപിക്കേണ്ടി വരുന്നു.

ഇനി പ്രവാചക പത്നി ഉമ്മു സലമയെ ഉദ്ധരിച്ചുകൊണ്ടുള്ള ഒരു ഹദീസുണ്ട്. അത് ഇങ്ങനെയാണ്:

عن حكيم بن سعد قال: ذكرنا علي بن أبي طالب عنه ام سلمة فقالت: في بيتي نزلت إنَّمَا يُرِيدُ اللَّهُ لِيُذْهِبَ عَنْكُمُ الرِّجْسَ أَهْلَ الْبَيْتِ وَيُطَهِّرَكُمْ تَطْهِيرًا . قالت ام سلمة: جاء رسول الله صلى الله عليه وسلم إلى بيتى فقال: لا تأذني لاحد فجاءت فَاطِمَةُ فلم أستطع أن أحجبها عن أبيها ثم جاء الحسن فلم أستطع أن أحجبه فاجتمعوا فجللهم رسول الله صلى الله عليه وسلم بكساء كان عليه ثم قال: هَؤُلَاءِ أَهْلُ بَيْتِي فَأَذْهِبْ عَنْهُمُ الرِّجْسَ وَطَهِّرْهُمْ تَطْهِيرًا فنزلت هذه الاية حين اجتمعوا على البساط قالت: فقلت: يا رسول الله وأنا؟ قالت: فوالله ما انعم وقال: انك إِلَى خَيْرٍ (ابن جرير).

(ഹകീമുബ്നു സഅ്ദിൽനിന്ന്: അദ്ദേഹം പറഞ്ഞു: ഉമ്മു സലമയുടെ അടുത്തു വെച്ച് ഞങ്ങൾ അലിയ്യുബ്നു അബീത്വാലിബിനെ പരാമർശിച്ച് സംസാരിച്ചു. അപ്പോൾ അവർ പറഞ്ഞു; പ്രവാചക വീട്ടുകാരേ, നിങ്ങളിൽനിന്ന് മ്ലേഛത നീക്കാനും നിങ്ങളെ ശുദ്ധീകരിക്കാനുമാണ് അല്ലാഹു ഉദ്ദേശിക്കുന്നത് എന്ന സൂക്തം അവതരിച്ചത് എന്റെ വീട്ടിലാണ്. ഉമ്മു സലമ പറഞ്ഞു: അല്ലാഹുവിന്റെ ദൂതർ എന്റെ വീട്ടിൽ വന്നു. അപ്പോൾ അവിടുന്ന് പറഞ്ഞു; ഒരാൾക്ക് വേണ്ടിയും നീ എന്നോട് അനുവാദം ചോദിക്കരുത്. അങ്ങനെയിരിക്കെ ഫാത്വിമ വന്നു. അവരെ അവരുടെ പിതാവിൽനിന്ന് തടയാൻ എനിക്കാവുമായിരുന്നില്ല. പിന്നെ ഹസൻ വന്നു. അവനെ അവന്റെ ഉമ്മയിൽനിന്നും മാതാമഹനിൽനിന്നും തടയാൻ എനിക്കാവുമായിരുന്നില്ല. പിന്നെ ഹുസൈൻ വന്നു. അവനെയും തടയാൻ എനിക്കാവുമായിരുന്നില്ല. പിന്നെ അലി വന്നു. അദ്ദേഹത്തെയും തടയാൻ എനിക്കാവുമായിരുന്നില്ല. അങ്ങനെ അവർ എല്ലാവരും ഒത്തുകൂടി. അല്ലാഹുവിന്റെ ദൂതർ താൻ ധരിച്ചിരുന്ന പുതപ്പുകൊണ്ട് അവരെ എല്ലാവരെയും കൂട്ടിപ്പിടിച്ച് ആദരിച്ചു. എന്നിട്ട് പറഞ്ഞു; ഇവരാണ് എന്റെ വീട്ടുകാർ. അതിനാൽ അവരിൽനിന്ന് നീ മ്ലേഛത ദുരീകരിക്കുകയും അവരെ ശുദ്ധീകരിക്കുകയും ചെയ്യേണമേ! അപ്പോഴാണ് ഈ സൂക്തം അവതരിച്ചത്. അതായത്, ആ വിരിപ്പിൽ അവർ ഒരുമിച്ചുകൂടിയ നേരത്ത്. ഉമ്മുസലമ പറയുന്നു; ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, ഞാനും? അവർ പറഞ്ഞു: അല്ലാഹു എന്തു മാത്രം വലിയ അനുഗ്രഹമാണ് നൽകിയിരിക്കുന്നത്! അവിടുന്ന് പറഞ്ഞു: നീ അതിലും വലിയ നന്മയിലാണ്- ഇബ്നു ജരീർ).

انت من أزواج النبى صلى الله عليه وسلم (നീ പ്രവാചക പത്നിമാരിലൊരാളാണ്) എന്നാണ് ഇബ്നു ജരീറിന്റെ തന്നെ മറ്റൊരു പാഠം. ഈ പാഠത്തിൽ എന്റെ വീട്ടിൽവെച്ച്, അലി, ഫാത്വിമ, ഹസൻ, ഹുസൈൻമാരെ കൂട്ടിപ്പിടിച്ച് ഇങ്ങനെ പ്രാർഥിച്ചപ്പോഴാണ് ഈ ആയത്ത് അവതരിച്ചതെന്നുള്ള ഉമ്മു സലമയുടെ പരാമർശം ഒരുപക്ഷേ, ഉദ്ധരിച്ച ആൾക്ക് വന്ന അബദ്ധമാവാം. അതല്ലെങ്കിൽ ആ സമയത്താണ് അത് അവതരിച്ചതെന്ന് ഉമ്മു സലമക്ക് തോന്നിയതുമാവാം. ഇത് സംബന്ധിച്ച് വേറെയും പാഠങ്ങൾ ഉദ്ധരിച്ചു വന്നിട്ടുണ്ട്.

നബി(സ) ഫാത്വിമയെ പറഞ്ഞയച്ച് അലിയെയും മക്കളെയും വിളിച്ചു വരുത്തുകയായിരുന്നു എന്നുമുണ്ട് ചില പാഠങ്ങളിൽ.

അലിയെ അധിക്ഷേപിക്കുന്ന ചിലരെങ്കിലും നബി(സ)യുടെ കാലത്തുണ്ടായിരുന്നു. ശേഷവും ഇത് സംഭവിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ അലിയുടെ മഹത്വം ജനങ്ങളെ അറിയിക്കേണ്ടതുണ്ടായിരുന്നു. അതുകൊണ്ടാവാം നബി(സ) ഇപ്രകാരമൊക്കെ ചെയ്തതും പറഞ്ഞതും.

അതെന്തുതന്നെയായാലും അലിയും ഫാത്വിമയും മക്കളായ ഹസനും ഹുസൈനും അഹ് ലുൽ ബൈത്തിലുൾപ്പെടുന്നു എന്നത് വാസ്തവം. പ്രവാചക കുടുംബത്തെ ആദരിക്കേണ്ടത് പൊതുവിൽ തന്നെ മുസ്‌ലിംകളുടെ ബാധ്യതയാണ്. എന്നാൽ അതിലേറെ പ്രധാനമാണ് അഹ്‌ലു ബൈത്തിനെ സ്നേഹിക്കലും ആദരിക്കലും.

**രണ്ടു കൈവഴി**

മേൽ ഹദീസുകളുടെ അടിസ്ഥാനത്തിൽ അഹ്‌ലു

ബൈത്തിന് രണ്ട് കൈവഴികളുണ്ടെന്ന് വരും. ഹസൻ വഴിയും ഹുസൈൻ വഴിയുമുള്ള കൈവഴികൾ.

**അലിയുടെ മക്കൾ**

ഫാത്വിമ വഴിയുള്ള അലിയുടെ മക്കൾ ഇവരാണ്: ഹസൻ, ഹുസൈൻ, മുഹ്സിൻ. സൈനബ് അൽ കുബ്റാ, ഉമ്മുകുൽസൂം. ഇവരിൽ മുഹ് സിൻ കുട്ടിക്കാലത്തു തന്നെ മരിച്ചു.

ഫാത്വിമക്ക് ശേഷം വിവാഹം ചെയ്ത മറ്റു ഭാര്യമാരിൽനിന്നും അദ്ദേഹത്തിന് മക്കളുണ്ടായിട്ടുണ്ട്. പതിനാല് ആൺമക്കളും പതിനേഴ് പെൺമക്കളുമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്.

നബി(സ)യുടെ മരണം നടന്ന് ആറു മാസത്തിനു ശേഷം ഫാത്വിമ മരിച്ചു. ഹിജ്റയുടെ നാൽപതാമാണ്ടിലാണ് അലി വധിക്കപ്പെടുന്നത്.

ഹസനെയും ഹുസൈനെയും പറ്റി എന്റെ മക്കൾ എന്നാണ് നബി(സ) പറഞ്ഞിരുന്നത്. എന്നെ സ്നേഹിക്കുന്നവർ അവരെയും സ്നേഹിച്ചിരിക്കണമെന്നു നബി(സ) പറഞ്ഞിട്ടുണ്ട്.

هذان ابناي من أحبهما فقد أحبنی (النسائي)

ഹിജ്റ യുടെ മൂന്നാമാണ്ടിൽ റമദാനിലാണ് ഹസൻ ജനിച്ചത്. 47-ാം വയസ്സിൽ മുആവിയയുടെ ഭരണകാലത്താണ് ഹസൻ മരിച്ചത്. അദ്ദേഹത്തിന്റെ മരണം നടന്ന വർഷം ഏതെന്നത് സംബന്ധിച്ച് അഭിപ്രായാന്തരമുണ്ട്. 47 എന്നും 49 എന്നും 50 എന്നും 51 എന്നും 58 എന്നുമാണ് അഭിപ്രായങ്ങൾ.

ഉസ്മാന്റെ വധത്തെതുടർന്ന് രണ്ടു ചേരിയായി ഭിന്നിച്ച മുസ്‌ലിം സമൂഹത്തെ സ്വന്തം ചേരി തന്നെ ഏൽപിച്ച ഖിലാഫത്ത് ഉത്തരവാദിത്തം സ്വയം വേണ്ടെന്നുവെച്ചും അധികാരം മുആവിയക്ക് ഒഴിഞ്ഞുകൊടുത്തും ഐക്യപ്പെടുത്തിയത് അദ്ദേഹമാണ്.

ഹസന് മൊത്തം 22 മക്കളുണ്ടായിരുന്നു എന്നുണ്ട് ഒരു റിപ്പോർട്ടിൽ. അവരിൽ ഹസനും സൈദും മാത്രമാണ് പിൻ തലമുറക്ക് ജന്മം നൽകിയത്. ഹസന്റെ സന്താനങ്ങൾ ഇവരാണ്:

1. ഹസൻ, 2. സൈദ് 3. തൽഹ 4. അൽഖാസിം 5. അബൂബക്ർ 6. അബ്ദുല്ല. ഇവരെല്ലാവരും കർബലയിൽ വെച്ച് രക്തസാക്ഷികളായി. 7. അബ്ദുർറഹ്മാൻ 8. അംറ് 9. അൽഹുസൈൻ 10. ജഅ്ഫർ 11. മുഹമ്മദ് 12. യഅ്ഖൂബ് 13. ഇസ്മാഈൽ 14. ഹംസ 15. അഖീൽ 16. ഉമ്മുൽ ഹുസൈൻ 17. സൈനബ 18. ഉമ്മുകുൽസൂം 19. ഫാത്വിമ 20. ഉമ്മു ഇസ്ഹാഖ് 21. മുലൈക

ഹുസൈന്റ സന്താനങ്ങൾ ഇവരാണ്:

1. അലി അൽ അക്ബർ 2. അബ്ദുല്ല 3. അബൂബക്ർ ഇവർ മൂവരും കർബലയിൽ വെച്ച് രക്തസാക്ഷികളായി. 4. അലി സൈനുൽ ആബിദീൻ 5. ഉമർ.

അലിയുടെ ഫാത്വിമയിൽനിന്നുള്ള മറ്റു മക്കളെ എന്തുകൊണ്ട് നബി(സ) ഇപ്രകാരം അഹ് ലുൽബൈത്തിൽ ഉൾപ്പെടുത്തിയില്ല എന്ന ഒരു ചോദ്യമുണ്ട്. കാരണം മുഹ്സിൻ ചെറുപ്രായത്തിലേ മരിച്ചുപോയിരുന്നു. മറ്റു രണ്ടു പേർ പെൺകുട്ടികളാണ്. അവരെ അഹ്‌ലുൽ ബൈത്തിലുൾപ്പെടുത്തുക വഴി സംഭവിക്കുക അവരുടെ മക്കളെയും ജനം അഹ്‌ലുൽ ബൈത്തിലുൾപ്പെട്ടവരായി ഗണിക്കാൻ അത് കാരണമാവും.

ഇന്ന് ലോകത്ത് അഹ്‌ലുൽ ബൈത്തിലുൾപ്പെടുന്നവർ ഹസന്റെയോ ഹുസൈന്റെയോ താവഴിയിലുള്ളവരാണ്. ഹസന്റെ മകൻ ഹസനും സൈദും വഴിക്കും ഹുസൈന്റെ മകൻ അലി സൈനുൽ ആബിദീൻ വഴിക്കുമുള്ളവർ.

**പ്രത്യേക അധികാരാവകാശങ്ങൾ**

അഹ്‌ലുൽബൈത്തിൽ പെട്ടവർക്ക് അഹ്‌ലുൽ ബൈത്തിലുൾപ്പെട്ടവരാണ് തങ്ങളെന്നതിന്റെ പേരിൽ വല്ല പ്രത്യേകാവകാശങ്ങളോ അധികാരമോ ഉണ്ടോ എന്നതാണ് ഇനി പരിശോധിക്കാനുള്ളത്. ഏതൊരു പ്രസ്ഥാനത്തിന്റെയും നായകനെ ആദരിക്കാനും സ്നേഹിക്കാനും അതത് പ്രസ്ഥാന പ്രവർത്തകരും അനുഭാവികളും തയാറായിരിക്കും, തയാറാവണം അപ്പോൾ മാത്രമേ നേതാവും അനുയായികളും തമ്മിൽ ആത്മബന്ധമുണ്ടാവുകയുള്ളൂ. സ്വാഭാവികമായും നായകനോടുള്ള സ്നേഹബന്ധം അയാളുടെ കുടുംബാംഗങ്ങളോടുമുണ്ടാവും, ഉണ്ടാവണം. നേതാവിനെ സ്നേഹിക്കുകയും ബന്ധുജനത്തെ വെറുക്കുകയും ചെയ്തുകൊണ്ട് ഒരാൾക്കും പ്രസ്ഥാന നായകനെ സ്നേഹിക്കാനാവുകയില്ല. മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം നബി(സ)യെ സ്നേഹിക്കുക എന്നത് അവരുടെ ആദർശവുമായി കെട്ടുപിണഞ്ഞുകിടക്കുന്ന ഒന്നാണ്. നബി(സ)യോടുള്ള സ്നേഹം അവിടുത്തെ കുടുംബത്തോടുള്ള സ്നേഹമായും മാറും. അത് സ്വാഭാവികം. അങ്ങനെ മാറുകയും വേണം. അതുകൊണ്ടാണ് അല്ലാഹുവിന്റെ ദൂതരുടെ കുടുംബവുമായുള്ള ബന്ധമാണ് എന്റെ കുടുംബത്തേക്കാൾ ചേർത്തു നിർത്താൻ എനിക്ക് ഏറെ ഇഷ്ടം എന്ന് അബൂബക്ർ സിദ്ദീഖ് പറഞ്ഞത്. അലിയുടെ മകൾ ഉമ്മുകുൽസൂമിനെ വിവാഹം ചെയ്യാനുള്ള താൽപര്യത്തെ പറ്റി പ്രവാചക കുടുംബവുമായി ബന്ധം പുലർത്താൻ താൻ അഗ്രഹിക്കുന്നു എന്ന് ഉമർ പറഞ്ഞതും അതുകൊണ്ടാണ്.

പ്രവാചക കുടുംബത്തെ സ്നേഹിക്കുന്നതാണ് ഒരാൾ റാഫിദിയാകുന്നതിന്റെ അടയാളമെങ്കിൽ ഞാനൊരു റാഫിദിയാണെന്ന് മനുഷ്യരും ജിന്നുകളും സാക്ഷ്യപ്പെടുത്തട്ടെ എന്ന് ഇമാം ശാഫിഈ പാടിയതും അതുകൊണ്ടുതന്നെ.

ان كان رفضاحبّ آل محمد　　فليشهد الثقلان أني رافض

തന്റെ കുടുംബത്തെ സ്നേഹിക്കാൻ നബി(സ)യും അനുയായികളെ പ്രേരിപ്പിക്കുന്നുണ്ട്.

എന്നാൽ പ്രവാചക കുടുംബത്തിലെയോ അതിലെ തന്നെ പ്രത്യേക വിഭാഗമായ അഹ് ലുൽ ബൈത്തിലെയോ ഏതെങ്കിലും വ്യക്തിക്കോ മൊത്തത്തിലോ പ്രത്യേകാധികാരമോ അവകാശമോ ഉണ്ടെന്നതിന് അത് തെളിവല്ല. എന്നല്ല, അത്തരം ഒരു പ്രത്യേകാധികാരവും അവകാശവും ഇസ്‌ലാം ആർക്കും സംവരണം ചെയ്തിട്ടുമില്ല. അതുകൊണ്ടുമായില്ല. ഇസ്‌ലാം അത് അതിന്റെ ആദ്യനാളിൽതന്നെ തള്ളിപ്പറയുകയാണ് ചെയ്തത്. അതുകൊണ്ടത്രെ സന്ദേശ പ്രചാരണത്തിന്റെ ആദ്യനാളിൽ തന്നെ നബി(സ) ഇപ്രകാരം പറഞ്ഞത്:

أن أبا هريرة قال: قام رسول الله صلى الله عليه وسلم حين أنزل الله وأنذر عشيرتك الأقربين قال: يا معشر قريش- أو كلمة

نحوها- اشتروا أنفسكم لا أغنى عنكم من الله شيئا يا بنى عبد مناف لا أغني عنكم من الله شيئا يا عباس بن عبد المطلب لا أغنى عنك من الله شيئا ويا صفية عمة رسول الله (ص) لا أغنى عنك من الله شيئا ويا فاطمة بنت محمد صلى الله عليه وسلم سليني ما شئت من مالى. لا أغنى عنك من الله شيئا (البخارى كتاب الوصايا 2753 كتاب المناقب 3537 كتاب التفسير 4771)

(അബൂഹുറയ്റ പറഞ്ഞു: നിന്റെ അടുത്ത ബന്ധുക്കളെ താക്കീത് ചെയ്യുക എന്ന സൂക്തമവതരിച്ചപ്പോൾ അല്ലാഹുവിന്റെ ദൂതർ എഴുന്നേറ്റുനിന്നു. അവിടുന്ന് പറഞ്ഞു: ഖുറൈശീ സമൂഹമേ: നിങ്ങൾ നിങ്ങളെ തന്നെ തിരിച്ചുവാങ്ങുക. അല്ലാഹുവിൽനിന്ന് നിങ്ങൾക്കുവേണ്ടി യാതൊന്നും നേടിത്തരാൻ എനിക്ക് സാധ്യമല്ല. അബ്ദുമനാഫിന്റെ മക്കളേ, നിങ്ങൾക്കു വേണ്ടി അല്ലാഹുവിൽനിന്ന് യാതൊന്നും നേടിത്തരാൻ എനിക്കാവുകയില്ല. അബ്ദുൽ മുത്ത്വലിബിന്റെ മകൻ അബ്ബാസ്, അല്ലാഹുവിൽനിന്ന് താങ്കൾക്കുവേണ്ടി ഒന്നും നേടിത്തരാൻ എനിക്കാവുകയില്ല. അല്ലാഹുവിന്റെ ദൂതരുടെ അമ്മാവി സ്വഫിയ്യ, നിങ്ങൾക്കു വേണ്ടി അല്ലാഹുവിൽനിന്ന് യാതൊന്നും വാങ്ങിത്തരാൻ എനിക്കാവുകയില്ല. മുഹമ്മദിന്റെ മകൾ ഫാത്വിമാ, നിന്റെ സമ്പത്തിൽനിന്ന് ചോദിച്ചുകൊള്ളുക. ഞാൻ നൽകാം. എന്നാൽ അല്ലാഹുവിൽനിന്ന് നിനക്കു വേണ്ടി യാതൊന്നും നേടിത്തരാൻ എനിക്കാവുകയില്ല).

മനുഷ്യൻ ശ്രേഷ്ഠനാകുന്നത് തഖ്വ (ജീവിതത്തിലെ ധാർമിക നിഷ്ഠ) വഴിയാണെന്നും മനുഷ്യരെല്ലാം ഒരേ പരിഗണനയർഹിക്കുന്നവരുമാണ് എന്നത് ഇസ്‌ലാമിന്റെ മൗലികാധ്യാപനമാണ്.

يَا أَيُّهَا النَّاسُ إِنَّا خَلَقْنَاكُم مِّن ذَكَرٍ وَأُنثَىٰ وَجَعَلْنَاكُمْ شُعُوبًا وَقَبَائِلَ لِتَعَارَفُوا ۚ إِنَّ أَكْرَمَكُمْ عِندَ اللَّهِ أَتْقَاكُمْ ۚ (الحجرات 13)

(മനുഷ്യരേ, നിങ്ങളെ ഒരാണിൽനിന്നും പെണ്ണിൽനിന്നുമാണ് നാം സൃഷ്ടിച്ചിരിക്കുന്നത്. നിങ്ങളെ ജനപഥങ്ങളും ഗോത്രങ്ങളുമായി നിശ്ചയിച്ചത് നിങ്ങൾക്ക് പരസ്പരം തിരിച്ചറിയാൻ വേണ്ടിയാണ്. നിശ്ചയം, നിങ്ങളിൽ അല്ലാഹുവിങ്കൽ ആദരണീയൻ നിങ്ങളിൽ കൂടുതൽ സൂക്ഷ്മജീവിതം നയിക്കുന്നവരത്രെ).

ഇതേ കാര്യമാണ് വിടവാങ്ങൽ പ്രസംഗത്തി(ഖുത്ബതുൽ വിദാഇ)ൽ നബി(സ)യും പ്രഖ്യാപിച്ചത്:

عن أبى نضرة حدثنى من سمع خطبة رسول الله صلى الله عليه و سلم فى وسط أيام التشريق فقال: ياأيها الناس ألا إن ربكم واحد و إن أباكم واحد ألا لا فضل لعربي على عجمي ولا لعجمي على عربى ولا لأحمر على أسود ولا لأسود على أحمر إلا بالتقوى أبلّغت.... (مسند أحمد)

(അബൂനദ്റയിൽനിന്ന്: തശ്‌രീഖിന്റെ ഇടനാളിൽ അല്ലാഹുവിന്റെ ദൂതർ പ്രസംഗിച്ചു കേട്ട ഒരാൾ എന്നോട് പറഞ്ഞു: അതായത് അവിടുന്ന് പറഞ്ഞു: മനുഷ്യരേ, അറിഞ്ഞിരിക്കുക. നിങ്ങളുടെ നാഥൻ ഒരുവൻ, നിങ്ങളുടെ പിതാവ് ഒന്ന്. അറിഞ്ഞിരിക്കുക; ഒരറബിക്കും ഒരനറബിയേക്കാളും യാതൊരു മഹത്വവുമില്ല. ഒരനറബിക്കും ഒരറബിയേക്കാളും ഒരു മഹത്വവുമില്ല. ചുവപ്പ് വർണമുള്ളവന് കറുപ്പ് വർണമുള്ളവനേക്കാൾ യാതൊരു മഹത്വവുമില്ല. കറുത്തവന് ചുവന്നവനേക്കാളുമില്ല യാതൊരു മഹത്വവും. മഹത്വം തഖ്വ കൊണ്ട് മാത്രം. ഞാൻ എത്തിച്ചുതന്നുവോ?)

രാഷ്ട്രീയ-സാമൂഹിക മേഖലകളിലാകട്ടെ പരസ്പരം കൂടിയാലോചിച്ചുകൊണ്ട് കാര്യങ്ങൾ തീരുമാനിക്കാനാണ് ഖുർആൻ പറഞ്ഞത്:

وَأَمْرُهُمْ شُورَىٰ بَيْنَهُمْ (الشورى 38

(അവർ കാര്യം തീരുമാനിക്കുന്നത് പരസ്പരം കൂടിയാലോചിച്ചുകൊണ്ടാവും- 42;38).

وَشَاوِرْهُمْ فِي الْأَمْرِ ۖ (آل عمران 159

പ്രശ്നങ്ങളിൽ അവരുമായി കൂടിയാലോചിക്കുക - 3:159).

അഹ്‌ലു ബൈത്തിൽ അല്ലാഹുവിന്റെ ദൂതരെ കഴിച്ചാൽ ഒന്നാം സ്ഥാനത്തുള്ള അലിയുടെ കാര്യത്തിൽ പോലും ഇസ്‌ലാം കൈക്കൊണ്ട നിലപാട് അതായിരുന്നു. അതുകൊണ്ടുതന്നെ അലിയെ സ്നേഹിക്കാൻ സമൂഹത്തിന് നിർദേശം നൽകിയ നബി(സ) അദ്ദേഹത്തെ മാറ്റിനിർത്തി അവസാന നാളുകളിൽ സമൂഹത്തിന് നമസ്കാരത്തിൽ നേതൃത്വം നൽകാൻ അബൂബക്റിനെ നിശ്ചയിച്ചു. നബി(സ)യുടെ വിയോഗാനന്തരം സ്വഹാബിമാർ കൂടിയാലോചന വഴി ഖലീഫയായി അബൂബക്റിനെ തെരഞ്ഞെടുത്തു. തന്നെ നേതൃപദവി ഏൽപിക്കണമെന്ന് നബി(സ) ഒസ്യത്ത് ചെയ്തതായി അദ്ദേഹം അവകാശവാദമുന്നയിച്ചില്ല. പകരം അബൂബക്ർ, ഉമർ, ഉസ്മാൻ എല്ലാവരെയും അദ്ദേഹം അനുസരിച്ചുപോന്നു. അദ്ദേഹം മാത്രമല്ല, ഹസനും ഹുസൈനുമൊക്കെ ചെയ്തതും അതായിരുന്നു. അവരും ആരും ഉന്നയിച്ചില്ല അത്തരമൊരു അവകാശവാദം. അലിയുടെ രക്തസാക്ഷിത്വത്തെ തുടർന്ന് അനുയായികൾ ഹസനെ ഖലീഫയായി തെരഞ്ഞെടുത്തെങ്കിലും ആറു മാസത്തിനു ശേഷം അദ്ദേഹം അധികാരം മുആവിയക്ക് ഒഴിഞ്ഞുകൊടുത്തു. ഹുസൈൻ ഇറാഖിലേക്ക് തിരിച്ചുപോലും അത്തരം ഒരവകാശവാദമുന്നയിച്ചുകൊണ്ടായിരുന്നില്ല. പകരം കൂഫക്കാരുടെ നിർബന്ധത്തിനു വഴങ്ങിയും ധാർമികമായി യസീദിന്റെ അർഹത ബോധ്യപ്പെടാത്തതുകൊണ്ടുമായിരുന്നു. അയാളുടെ തെരഞ്ഞെടുപ്പ് ഇസ്‌ലാം നിർദേശിച്ച രീതിയിലല്ലായിരുന്നു എന്നതും ഒരു കാരണമാണ്. ജനപ്രതിനിധിയെ തെരഞ്ഞെടുക്കേണ്ട രീതിയിലായില്ല എന്നതുകൊണ്ട്. കർബലയിൽ വെച്ച് പോലും അദ്ദേഹം അത്തരമൊരു അവകാശവാദമുന്നയിക്കുന്നില്ല എന്നത് ഏറെ ശ്രദ്ധേയമാണ്. അഹ്‌ലു ബൈത്തിലാണ് ജനിച്ചത് എന്നതുകൊണ്ട് മാത്രം ആർക്കും മഹത്വം പതിച്ചുനൽകാനും അത്തരക്കാരെയൊക്കെ സ്നേഹിക്കാനും ആദരിക്കാനുമൊന്നും ബാധ്യസ്ഥനല്ല. എന്നല്ല അത്തരക്കാരെ മാറ്റിനിർത്താനും അവഗണിക്കാനും അവൻ ബാധ്യസ്ഥനാണു താനും. അതുകൊണ്ടാണ് നൂഹി(അ)നോട് അദ്ദേഹത്തിന്റെ മകനെക്കുറിച്ച് إِنَّهُ لَيْسَ مِنْ أَهْلِكَ ۖ إِنَّهُ عَمَلٌ غَيْرُ صَالِحٍ ۖ (നിശ്ചയം, അവൻ നിന്റെ ആളുകളിൽ പെട്ടവനല്ല, അവൻ ഒരു വിശിഷ്ടമല്ലാത്ത

കർമമത്രെ -11:46) എന്ന് ഖുർആൻ പറഞ്ഞത്. എന്റെ സന്താനങ്ങളിൽനിന്നും ഈ സ്ഥാനത്തിന് യോഗ്യരായവരെ നിശ്ചയിക്കേണമേ എന്ന ഇബ്റാഹീമി(അ)ന്റെ പ്രാർഥനക്ക് എന്റെ ഈ അറിയിപ്പ് അക്രമികളുമായി ഒത്തുപോവുകയില്ല- قَالَ وَمِن ذُرِّيَّتِي ۖ قَالَ لَا يَنَالُ عَهْدِي الظَّالِمِينَ (البقرة ١٢٤) എന്ന് ഖുർആൻ പറയാൻ കാരണവും മറ്റൊന്നല്ല.

ഹസന്റെ മകൻ ഹസനുമായി ബന്ധപ്പെട്ട് ഇപ്രകാരം ഉദ്ധരിച്ചു വന്നിട്ടുണ്ട്:

قال الحسن لمن غلوا فى أهل البيت: ويحكم أحبونالله فان أطعنا الله فأحبونا وإن عصينا الله فأبغضونا قال: فقال له رجل: إنّكم قرابة رسول الله صلى الله عليه وسلم وأهل بيته. فقال: ويحك، لوكان الله مانعا بقرابة رسول الله صلى الله عليه وسلّم أحدا بغير طاعة الله لنفع بذلك من هو اقرب اليه منا أبا وأمّا والله انى لأخاف أن يضاعف للعاصى منا العذاب ضعفين وإنى لأرجو أن يؤتي المحسن منا اجره مرتين. ويلكم اتقوا الله وقولوافينا الحق فإنه أبلغ فيما تريدون ونحن نرضى به منكم ثم قال: لقد اساء بنا آباؤنا إن كان هذا الذي تقولون من دين الله ثم لم يطلعونا عليه ولم يرغبونا فيه. قال: فقال له الرافضى الم يقل رسول الله صلى الله عليه وسلم من مولاه فعلى مولاه؟ فقال: أما والله أن لو يعنى بذلك الإمرة والسلطان لأفصح لهم بذلك كما أفصح لهم بالصلاة والزكاة وصيام رمضان وحج البيت ولقال لهم الناس هذا وليكم من بعدى فان انصح للناس كان للناس رسول الله صلى الله عليه وسلم ولو كان الامر كما تقولون إن الله ورسوله اختارا عليّا لهذا الأمر والقيام بعد النبى صلى الله عليه وسلم ان كان لأعظم الناس فى ذلك خطئه وجرما إذترك ماأمره به رسول الله صلى الله عليه و سلم أن يقوم فيه كما أمره أو يعذر فيه إلى الناس. (طبقات ابن سعد من أمير المؤمنين الحسن بن على رضي الله عنه 35/1 د. على محمّد الصّلّابى)

(അഹ്ലുൽ ബൈത്തിനോടുള്ള സ്നേഹത്തിൽ അതിരു കവിഞ്ഞ ഒരാളോട് ഹസൻ പറഞ്ഞു: കഷ്ടം! നിങ്ങൾ ഞങ്ങളെ സ്നേഹിക്കുന്നത് അല്ലാഹുവിന് വേണ്ടിയാവണം. ഞങ്ങൾ അല്ലാഹുവിനെ അനുസരിക്കുന്നുവെങ്കിൽ നിങ്ങൾ ഞങ്ങളെ സ്നേഹിക്കുക. ഞങ്ങൾ അല്ലാഹുവിനെ ധിക്കരിക്കുന്നുവെങ്കിലോ ഞങ്ങളെ വെറുക്കുക. ഈ സംഭവം ഉദ്ധരിച്ചയാൾ പറയുന്നു; അപ്പോൾ ഒരാൾ അദ്ദേഹത്തോട് ചോദിച്ചു: 'നിങ്ങൾ അല്ലാഹുവിന്റെ ദൂതരുടെ കുടുംബക്കാരും അവിടുത്തെ വീട്ടുകാരും?' അദ്ദേഹം പറഞ്ഞു: കഷ്ടം! അല്ലാഹു, റസൂലുമായുള്ള ബന്ധത്തിന്റെ പേരിൽ അവനെ അനുസരിക്കാതെ തന്നെ ആർക്കെങ്കിലും സംരക്ഷണം നൽകുമായിരുന്നുവെങ്കിൽ മാതാവ് വഴിയും പിതാവ് വഴിയും ഞങ്ങളേക്കാളൊക്കെ നബി(സ)യുമായി കൂടുതൽ അടുത്ത ആളുകൾക്കാവുമായിരുന്നില്ലേ ഉപകാരം ചെയ്യുക. അറിയുക, അല്ലാഹുവാണ, ഞങ്ങളുടെ കൂട്ടത്തിലെ കുറ്റവാളിക്ക് ഇരട്ടി ശിക്ഷ ലഭിച്ചേക്കുമോ എന്നാണ് ഞാൻ ഭയക്കുന്നത്. ഞങ്ങളിൽ സുകൃതം ചെയ്തവന്ന് ഇരട്ടി പ്രതിഫലം ലഭിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയും ചെയ്യുന്നു.

നാശം! അല്ലാഹുവിനെ സൂക്ഷിക്കുക, ഞങ്ങളുടെ കാര്യത്തിലായാലും സത്യം പറയുക. അതാവും നിങ്ങൾ താൽപര്യപ്പെടുന്ന കാര്യവുമായി അർഥപൂർണമാവുക. നിങ്ങളുടെ ഭാഗത്തുനിന്ന് ഞങ്ങൾ ഇഷ്ടപ്പെടുന്നതും അതാണ്.

അദ്ദേഹം തുടർന്നു: നിങ്ങൾ ഈ പറയുന്നത് അല്ലാഹുവിന്റെ ദീനിന്റെ ഭാഗമാണെന്ന് വരികയും പൂർവികർ ആ കാര്യം ഞങ്ങളെ അറിയിക്കാതെയും അക്കാര്യത്തിൽ ഞങ്ങളെ തൽപരരാക്കാതെയും വിടുകയായിരുന്നു എന്നാണെങ്കിൽ അവർ ഞങ്ങളോട് വലിയ അപരാധമാവില്ലേ ചെയ്തിട്ടുണ്ടാവുക.

അപ്പോൾ ആ റാഫിദി അദ്ദേഹത്തോട് ചോദിച്ചു; ഞാൻ ആരുടെ നായകനാണോ അലിയും അദ്ദേഹത്തിന്റെ നായകനാണെന്ന് അല്ലാഹുവിന്റെ ദൂതർ പറഞ്ഞിട്ടില്ലേ?

അദ്ദേഹം പറഞ്ഞു; റസൂൽ അതുകൊണ്ട് അധികാരവും ഭരണവുമാണ് ഉദ്ദേശിച്ചിരുന്നതെങ്കിൽ നമസ്കാരം, സകാത്ത്, റമദാനിലെ നോമ്പ്, വിശുദ്ധ ഭവനത്തിലുള്ള ഹജ്ജ് ആദിയായ കാര്യങ്ങൾ വ്യക്തമാക്കിയതു പോലെ അവിടുന്ന് അതും അവർക്ക് വ്യക്തമാക്കിക്കൊടുക്കുമായിരുന്നു. ഇയാളാണ് എനിക്കു ശേഷം തങ്ങളുടെ നായകനെന്ന് അവിടന്ന് അവരോട് പറയുകയും ചെയ്യുമായിരുന്നു. ജനങ്ങളോട് ഏറ്റവും കൂടുതൽ ഗുണകാംക്ഷയുള്ള ആരെങ്കിലുമുണ്ടെങ്കിൽ അത് അല്ലാഹുവിന്റെ ദൂതരായിക്കുമല്ലോ. നിങ്ങൾ പറയുംപോലെ ഈ കാര്യത്തിനു വേണ്ടിയും അല്ലാഹുവിന്റെ ദൂതർക്കു ശേഷം അധികാരം കൈയാളാനും അല്ലാഹുവും അവന്റെ ദൂതരും അലിയെ തെരഞ്ഞെടുത്തിട്ടുണ്ടായിരുന്നുവെങ്കിൽ അല്ലാഹുവിന്റെ ദൂതർ നിർവഹിക്കാൻ ആജ്ഞാപിച്ച ഒരു കാര്യം നിർവഹിക്കാതെ വിടുകയും അക്കാര്യത്തിൽ തനിക്കുണ്ടായ ഒഴികഴിവ് ജനങ്ങളോട് വ്യക്തമാക്കാതിരിക്കുകയും ചെയ്യുക വഴി അദ്ദേഹമായിരിക്കുമല്ലോ ജനങ്ങളിലും വെച്ച് ഏറ്റവും വലിയ തെറ്റും അപരാധവും ചെയ്ത ആൾ).

(ത്വബഖാതുബ്നു സഅ്ദ്. ഉദ്ധരണം ഡോ. അലി മുഹമ്മദ് അസ്സല്ലാബിയുടെ *അമീറുൽ മുഅ്മിനീൻ ഹസനുബ്നു അലി* എന്ന ഗ്രന്ഥത്തിൽനിന്ന് 1/35).

അഹ്ലുബൈത്തിലുൾപ്പെടുക എന്നത് പ്രത്യേകം വല്ല അധികാരമോ അവകാശമോ നേടിയെടുക്കാവുന്ന യോഗ്യതയായി അവരിലെ ആദ്യതലമുറ മനസ്സിലാക്കിയിരുന്നില്ല. ജനങ്ങൾ അങ്ങനെ തങ്ങളെ സമീപിക്കുന്നത് അവർ ഇഷ്ടപ്പെട്ടിരുന്നുമില്ല. ഈ കാഴ്ചപ്പാട് വളർത്തിയെടുത്തത് ശീഈകളാണ്. നമ്മുടെ നാട്ടിലെ 'സുന്നികൾ' എന്ന് പറയുന്നവർ ഈ ശീഈ കാഴ്ചപ്പാടിൽ അകപ്പെടുകയായിരുന്നു എന്ന് ഹസനുബ്നു ഹസന്റെ മേൽ പ്രസ്താവം വ്യക്തമാക്കുന്നു.

മുകളിൽ ഉദ്ധരിച്ച മുസ്‌ലിമിന്റെ ഹദീസിൽ പറഞ്ഞ ഒരു ബാധ്യത അല്ലാഹുവിന്റെ ഗ്രന്ഥമാണ്. സന്മാർഗ നിർദേശവും (الهدى) പ്രകാശവും (النور) അതിലാണുള്ളതെന്ന് പറഞ്ഞ നബി(സ) അത് മുറുകെ പിടിക്കാനും അത് ജീവിതത്തിലുടനീളം കൈക്കൊള്ളാനും നിർദേശിക്കുന്നു. അത് സംബന്ധിച്ച് പ്രേരണ ചെലുത്തുകയും താൽപര്യം ജനിപ്പിക്കുകയും ചെയ്യുന്നുമുണ്ട് അവിടുന്ന്.

ഈ നിർദേശം പിൻപറ്റാൻ മറ്റുള്ളവരെപ്പോലെ അഹ്‌ലു ബൈത്തിൽപെട്ട ഓരോരുത്തർക്കും ബാധ്യതയുണ്ട്. ദീനിൽ നിയമങ്ങളും ആചാരാനുഷ്ഠാനങ്ങളും ആവിഷ്കരിക്കാൻ മറ്റാർക്കും അനുവാദമില്ലാത്തതുപോലെ തന്നെ അഹ്‌ലുബൈത്തിൽ പെട്ടവർക്കുമില്ല ആ അനുവാദം. അവരും ആവിഷ്കരിക്കേണ്ടവരല്ല, അനുധാവനം ചെയ്യേണ്ടവർ മാത്രമാണ്. അഹ്‌ലു ബൈത്തിലെ ഒന്നാമൻ എന്ന് പറയാവുന്ന അലി ചെയ്തത് ഈ അനുധാവനമാണ്. ഖുർആനും സുന്നത്തും കടുകിട വ്യത്യാസമില്ലാതെ പിന്തുടരുകയായിരുന്നു അദ്ദേഹം. മജ്‌ലിസുന്നൂറോ സമാന മജ്‌ലിസുകളോ പോലും അദ്ദേഹം ഏർപ്പെടുത്തിയില്ല.

ഹസനുബ്നു ഹസനുബ്നു അലി പറഞ്ഞതിൽനിന്ന് ബഹുദൂരം അകന്ന് തങ്ങൾക്ക് മറ്റുള്ളവർക്കാർക്കുമില്ലാത്ത എന്തോ ചില അധികാരങ്ങളും അവകാശങ്ങളുമൊക്കെയുണ്ടെന്ന ഭാവത്തിലാണ് അവരിലെ വലിയൊരു വിഭാഗം. ബാധ്യതകൾ മറന്ന് ഇല്ലാത്ത അവകാശത്തെക്കുറിച്ച് ചിന്തിക്കുന്നവർ. സമൂഹം അവരെ സ്നേഹിക്കുന്നത് നബി(സ)യോടുള്ള സ്നേഹത്തിന്റെ പേരിലാണെന്നും സമൂഹം അകപ്പെട്ടുപോയ മാർഗഭ്രംശത്തിൽ അവർക്ക് മുന്നിൽ നടക്കുകയല്ല, അതിൽനിന്ന് അവരെ ഇസ്‌ലാമിന്റെ തനതുപാതയിലേക്ക് തിരിച്ചു നടത്താൻ ബാധ്യതയുള്ളവരാണ് തങ്ങളെന്നും മനസ്സിലാക്കുകയും അതിന് മുമ്പോട്ടു വരികയും ചെയ്യുന്നതാണ് അവർക്ക് നല്ലത്. ഇല്ലെങ്കിൽ ഹസനുബ്നു ഹസൻ പറഞ്ഞ പോലെ ഇരട്ടി ശിക്ഷക്കായിരിക്കും അവർ വിധേയരാവുന്നത്.

**പിൻകുറി:** മലപ്പുറം ജില്ലയിലെ ഒരു സ്ഥാപനത്തിനു കീഴിൽ തങ്ങന്മാർക്ക് മാത്രമായി ഒരു കോളേജ് സ്ഥാപിക്കാൻ അതിന്റെ ഭാരവാഹികൾ തീരുമാനിച്ചതായി അറിയാൻ കഴിഞ്ഞു. ഇസ്‌ലാമിൽ കേട്ടുകേൾവിയില്ലാത്തതും അഹ്‌ലു ബൈത്തിലെ തന്നെ പൂർവികർ ആരും ധൈര്യപ്പെട്ടിട്ടില്ലാത്തതുമായ ഒരു പുത്തൻ രീതിയും ക്രൂരവിനോദവുമാണത്. മുസ്‌ലിം സമൂഹത്തിൽ ഒരു സവർണ വർഗത്തെ ഉണ്ടാക്കിയെടുക്കാനുള്ള ശ്രമം. ഒപ്പം ചൂഷണത്തിന്റെ ഒരു പുതിയ മാർഗവും. കോളേജ് തങ്ങന്മാർക്കുള്ളതാവുമ്പോൾ മറ്റു സ്ഥാപനങ്ങൾക്കെന്നതിലേറെ സംഭാവനയും നേർച്ചയും വഴി വരുമാനം വർധിപ്പിക്കാമെന്ന് പ്രസ്തുത സ്ഥാപനത്തിന്റെ സൂത്രധാരന്മാർ കരുതുന്നുണ്ടാവണം. ഇസ്‌ലാമിന്റെ മാനവികവും സാഹോദര്യ നിഷ്ഠവുമായ കാഴ്ചപ്പാട് പുലർത്തുന്ന ആർക്കും ഇത്തരമൊരു ചൂഷണ മാർഗത്തെക്കുറിച്ച് ചിന്തിക്കാനാവുകയില്ല, തീർച്ച! ●